# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലവടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/1056/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലവടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.11/1056/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2020 മുതൽ 24-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2021 | 16-10-2021 |
| | | 26-10-2021 | 02-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-10-2021 | 16-10-2021 |
| 26-10-2021 | 02-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാബു.പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ജാകിലിൻ.പി.ഡബ്ലിയു, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജനൂബ് പുഷ്പാകരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക് കമ്മറ്റി(സെക്രട്ടറി, എ.ഇ,കൃഷി ഓഫീസർ) | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ഗായത്രി.ബി.നായർ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ബേബി സരോജം.ഡി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഈതൽ ദാസ് | വെറ്റി.സർജൻ | 01-04-2020 | 31-03-2021 |
| സ്മിത.എസ്.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ടോണി തോമസ് മാത്യു | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2020 | 31-03-2021 |
| സജിത.ആർ.കുറുപ്പ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഷെയ്ല.എസ്.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| സുജാത | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| സ്മിത.ആർ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| രാജി.എസ്.നായർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീലക്ഷ്മി.എം.ജി | അസി.എഞ്ചിനീയർ | 01-04-2020 | 09-02-2021 |
| സനൂജ.എച്ച് | അസി.എഞ്ചിനീയർ | 15-02-2021 | 26-02-2021 |
| ദിലീഷ്.എൻ.ഡി | അസി.എഞ്ചിനീയർ | 27-02-2021 | 31-03-2021 |
| നിവേദിത.എം.എസ് | കൃഷി ഓഫീസർ | 01-04-2020 | 23-02-2021 |
| അഞ്ജു മറിയം ജോസഫ് | കൃഷി ഓഫീസർ | 24-02-2021 | 31-03-2021 |
| സതീഷ് കുമാർ | അസി.എഞ്ചിനീയർ | 10-02-2021 | 14-02-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-5 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 03-11-2021) | 1-6 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 02-11-2021) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-8 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-10 |
| 12 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 03-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-11 |
| 13 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Preetha (Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-12 |
| 14 | വസ്തുനികുതി അസ്സസ്സ്ചെയ്ത് കെട്ടിടത്തിന് നമ്പർ നൽകിയെങ്കിലും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-13 |
| 15 | വാടക വരവ് - ഫയൽ ലഭ്യമാക്കിയില്ല-<br>Written By: Preetha (Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-14 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Preetha (Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-15 |
| 17 | ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ പരിതാപകരം- | 1-16 |

| | | |
|---|---|---|
| | പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം സാധ്യമാകുന്നില്ല<br>Written By: Jayakrishna R (Asst. Audit Officer, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | |
| 18 | ആസ്തി രജിസ്റ്ററിന്റെ പരിപാലനം കാര്യക്ഷമമല്ല-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-17 |
| 19 | ലൈഫ് മൂന്നാം ഘട്ടം വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ - അർഹതയുള്ള എല്ലാ ഗുണഭോക്താക്കളുടെയും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-18 |
| 20 | വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-19 |
| 21 | പദ്ധതി ആസൂത്രണം-സർക്കാർ നിർദ്ദേശങ്ങളും പ്രാദേശിക സവിശേഷതകളും പരിഗണിക്കപ്പെടുന്നില്ല<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-20 |
| 22 | പദ്ധതിക്കായി വകയിരുത്തപ്പെടുന്ന തുകയുടെ നല്ലൊരു ശതമാനവും ലഭ്യമാകുന്നില്ല - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-21 |
| 23 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ- അനർഹമായ കാലയളവിലേക്കും അനുവദിച്ചു<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-22 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം, സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-23 |
| 25 | പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-24 |
| 26 | സുഭിക്ഷ കേരളം-തരിശ് ഭൂമി നെൽകൃഷി യോഗ്യമാക്കൽ-കാർഷികോല്പാദനം-മോണിറ്ററിങ് ക്രിയാത്മകമാകണം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-25 |
| 27 | പാലിയേറ്റീവ് കെയർ- മരുന്നും ഉപകരണങ്ങളും ലഭ്യമാകുന്നത് ഭാഗികമായി മാത്രം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-26 |
| 28 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല, പ്രോജക്ട് വിശദാംശങ്ങളില്ല, ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-27 |
| 29 | സ്ട്രീറ്റ്മെയിൻ വലിക്കൽ പ്രോജക്ട്- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 01-02-2022) | 1-28 |

| | | |
|---|---|---|
| 30 | ആശ്രയ ഭവന നിർമ്മാണം -നാളിതുവരെ ആരംഭിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-29 |
| 31 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - വിതരണം പൂർണ്ണമല്ല<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-30 |
| 32 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Preetha (Auditor, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-31 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-32 |
| 34 | ടാർ വീപ്പയുടെ വില ഈടാക്കിയില്ല- - 2655/- രൂപ - തിരികെ അടച്ചു - ഓഡിറ്റ് ഇംപാക്ട്<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-33 |
| 35 | നിയമാനുസൃത കാലയളവിലും അധികരിച്ച് - ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുന്നു<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-34 |
| 36 | എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തത് മൂലം അധിക ചെലവ്-<br>Written By: P.Sabu (Audit Officer (HG), On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-35 |
| 37 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-36 |
| 38 | മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-37 |
| 39 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | 1-38 |
| 40 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - Secure സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനുള്ള നിരക്ക് PRICE സോഫ്റ്റ്‌വെയറിനെക്കാൾ വളരെ ഉയർന്ന നിരക്ക് - അധിക ചെലവിന് കാരണമാകുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 04-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ- അനർഹമായ കാലയളവിലേക്കും അനുവദിച്ചു<br>Written By: Jayakrishna R (Asst. Audit Officer, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 3-1 |
| 2 | എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണ് ഫില്ലിംഗിന് | 3-2 |

| | | |
|---|---|---|
| | ഉപയോഗിക്കാത്തത് മൂലം അധിക ചെലവ്<br>Written By: Jayakrishna R (Asst. Audit Officer, On 02-11-2021)<br>Last Updated By: Rajeev R (Deputy Director, On 02-02-2022) | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 02-11-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 02-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: P.Sabu (Audit Officer (HG), On 02-11-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 02-11-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 02-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakrishna R (Asst. Audit Officer, On 01-11-2021)<br>Last Updated By: Rajeev R (Deputy Director, On 05-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 10.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 175376225 | 170288460 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെണ്ടീച്ചർ പത്രിക) | 137309725 | 137879187 |

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 7.7.2021-ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ഖണ്ഡിക 1-11-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-2-1 വാർഷികകണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കുന്നതിന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2. ഇൻഡ്യൻ ഓവർസീസ് ബാങ്ക് ലിറ്ററസി അക്കൌണ്ടിലെ മുൻബാക്കി ബാങ്ക് പാസ്ബുക്ക് പ്രകാരം 1506/- രൂപയാണ്, വാർഷിക കണക്ക് പ്രകാരം 1556/- രൂപയാണ്. റെക്കൺസിലിയേഷൻ നടത്തി നീക്കിയിരുപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല.
3. ഹഡ്കോ ലോൺ ഇനത്തിൽ 1229333/- രൂപ സോഴ്സ്ഡിഡക്ഷൻ ചെയ്തിട്ടുണ്ട്, സോഴ്സ് ഡിഡക്ഷൻ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
4. SBT E പേമെന്റ് 40(b) ഷെഡ്യൂൾ പ്രകാരം നിക്കിയിരുപ്പ് തുക 85905/- രൂപയാണ്. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 9572419/- രൂപയാണ്. റെക്കൺസിലിയേഷൻ നടത്തി നീക്കിയിരുപ്പ് പൊരുത്തപ്പെടുത്തിയിട്ടില്ല.
5. Rent From Lease Of Lands ഇനത്തിൽ വരവുള്ള 33275/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരരാക്കിയില്ല.
6. ബാലൻസ് ഷീറ്റ് പ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ ഓഫ് പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
7. പലിശയിനത്തിൽ ലഭിച്ച തുക പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
8. എം ജി എൻ ആർ ഈ ജി എസ്സിന്റെ ക്യാഷ് ബുക്ക്, MIS എന്നിവ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
9. ആസ്തി വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല
10. ബാലൻസ് ഷീറ്റിൽ B17 ഷെഡ്യൂളിൽ ഫണ്ടിനങ്ങളായ കുട്ടനാട് പാക്കേജ് 302050/-, എസ് ജി ആർ ജി വൈ 1556/-, എസ് ജി ആർ വൈ Draught 105947/-, എസ് എസ് എ 9249/-എന്നീ തുകകൾ ഉപയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. ബാലൻസ് നിൽക്കുന്ന തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ | ഉറവിടത്തിൽ കുറവ് ചെയ്തത് | ആകെ | ചെലവ് (എ.സി.ആർ | നീക്കി ബാക്കി/ |
|---|---|---|---|---|---|---|

| | | പ്രകാരം) | | | പ്രകാരം) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20303738 | 2134262 | 22438000 | 19763590 | 2674410 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 5105529 | 102471 | 5208000 | 3460086 | 1747914 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 116000 | 0 | 116000 | 0 | 116000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7238000 | 0 | 7238000 | 3474614 | 3763386 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3728898 | 38102 | 3767000 | 1991564 | 1775436 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10689889 | 0 | 10689889 | 5551969 | 5137920 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (TIED) | 0 | 5150000 | 0 | 5150000 | 1676611 | 3473389 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 215 | 89330045 | 113 | 43270018 | 62 | 40 | 52.5% |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17608731 |
| വരവ് | 58068723 |
| ആകെ | 75677454 |
| ചെലവ് | 66659320 |
| നീക്കിയിരിപ്പ് | 9018134 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 688408 | 688408 | 685539 | 2869 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 39341367 | 39341367 | 39341367 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 25920 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 16599700 | 1150 |
| വിധവാപെൻ ഷൻ | 9033000 | 660 |
| വാർദ്ധക്യകാല പെൻഷൻ | 22600500 | 1705 |
| വികലാംഗപെൻഷൻ | 3806100 | 260 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 544900 | 35 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.10.21, 3pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9231/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടം ആകെ ജീർണ്ണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. നിലവിൽ ഫിറ്റ്നസ് പോലുമില്ലാത്ത ഈ കെട്ടിടത്തിലാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നത്. ടി പരിമിതികൾക്കുള്ളിലാണ് ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്. ഐ എസ്സ് ഒ സർട്ടിഫിക്കറ്റ് ലഭിക്കാത്ത ജില്ലയിലെ ഏക പഞ്ചായത്തും, സംസ്ഥാനത്തെ തന്നെ രണ്ടാമത്തെ പഞ്ചായത്തും കൂടിയാണ് തലവടി ഗ്രാമ പഞ്ചായത്ത് എന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത്.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. കമ്പ്യൂട്ടർ, ഫർണ്ണീച്ചർ, സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ വാങ്ങിയ ലാപ്പ്ടോപ്പുകളുടെ വിവരങ്ങൾ ചേർത്തിരിക്കുന്നതിൽ ബിൽ നം., രേഖപ്പെടുത്തിയിട്ടുള്ള ഗ്യാരണ്ടിയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
6. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
9. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.
11. വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശികയായി ഒരു കോടിയിലേറെ രൂപ അടയ്ക്കുവാൻ അവശേഷിക്കുന്നു. മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ അടയ്ക്കാനുള്ള തുകയുടെ കണക്കിൽ നിന്നും കുറവ് ചെയ്തതിന് രേഖകളില്ല.
12. ഇൻകുമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവരുടെ സ്ഥിരം മേൽവിലാസം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഓഡിറ്റ് വർഷമായ2020-21-ന്റെ ആരംഭത്തോടെ കേരളത്തെയും സാരമായി ബാധിച്ച കോവിഡ് 19 മഹാമാരി, ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക, ആരോഗ്യ, തൊഴിൽ മേഖലകളിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കോവിഡ് -പ്രസക്തമായ സ്ഥിതിവിവരങ്ങൾ:

ആകെ 1764 പേരാണ് ഗ്രാമപഞ്ചായത്തിൽ നാളിതുവരെ കോവിഡ് ബാധിതരായത്. ഇവരിൽ 43പേർ മരണപ്പെട്ടു. കോവിഡ് ബാധിതരിൽ 97%പേരും അതിജീവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്ത്(1/11/2021) നിലവിലുള്ള കോവിഡ് ബാധിതർ 24പേരാണ്. ഗ്രാമപഞ്ചായത്തിൽ 10.5.20 മുതൽ 24.5.20വരെ കോവിഡ് കെയർ സെന്റർ പ്രവർത്തിച്ചിരുന്നു. സി.എഫ്.റ്റി.സി പ്രവർത്തിച്ചിട്ടില്ല. 27.3.20 മുതൽ 3.5.20വരെ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നു. നിലവിൽ 15 ജാഗ്രതാ സമിതികൾ സജീവമാണ്.

ഓഡിറ്റ് വർഷം കോവിഡ് പ്രതിരോധത്തിനായി പ്രത്യേക പ്രോജക്റ്റുകൾ ഒന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.

തനത് ഫണ്ട് ഉപയോഗിച്ചാണ് കോവിഡ് പ്രതിരോധ സംബന്ധമായ ചെലവുകൾ നിർവ്വഹിച്ചിട്ടുള്ളത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ:

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിൻറെയും ആരോഗ്യ വകുപ്പിൻറെയും നിർദ്ദേശാനുസരണം ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, ബോധവത്കരണ പ്രവർത്തനം ഇവ ആരംഭിക്കുകയും ലോക്ഡൌൺ കാലത്ത് സമൂഹ അടുക്കള, കോവിഡ് കെയർ സെൻററുകൾ എന്നിവ ആരംഭിച്ച്നടത്തിയതായി അറിയിച്ചിട്ടുണ്ട്.

രോഗ പ്രതിരോധ പ്രവർത്തനങ്ങൾ:

1. ബോധവത്കരണ പ്രവർത്തനങ്ങൾ, അനൌൺസ്മെന്റ് ഇവ നടത്തി. കണ്ടെയിൻമെന്റ് സോണുകൾക്ക് ബാരിക്കേഡുകൾ ഏർപ്പെടുത്തി.
2. വാളണ്ടിയർമാരെ ഉൾപ്പെടുത്തിയുള്ള ജാഗ്രതാ സമിതികൾ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ഉള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
3. കോൾ സെന്റർ, ഹെൽപ്പ് ഡെസ്ക് ഇവയുടെ സേവനം. സ്വകാര്യ ആംബുലൻസ് സേവനം.
4. ഹോമിയോ, ആയുർവ്വേദ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.
5. ആന്റിജൻ ടെസ്റ്റ് ക്യാമ്പയിൻ നടത്തുന്നു.

വാക്സിനേഷൻ വിവരം:

പതിനെട്ട് വയസ്സിന് മുകളിൽ പ്രായമുള്ള ആകെ ജനസംഖ്യയായ 16666-ൽ 15831പേർക്ക് ആദ്യ ഡോസ് പ്രതിരോധ വാക്സിൻ നല്കപ്പെട്ടു. വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുള്ളത് 5114പേരാണ്. 835പേർക്ക് വാക്സിൻ എടുക്കാൻ അവശേഷിക്കുന്നു.

(അവലംബം: ഓഡിറ്റ് എൻക്വയറി നം.26/28.10.21ന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി)

## 1-12 തൊഴിൽ നികുതി -അപാകതകൾ

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

2020-21 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | പോപ്പുലർ ഫിനാൻസ് | 1 |
| 2. | ആത്മ ഗോപി ആയുർവേദ ഡിസ്പെൻസറി | 2 |

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | എസ് ബി ഐ, ആർത്തിശ്ശേരി | 1&2 |
| 2. | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്, തലവടി | 1&2 |
| 3 | ഫെഡറൽ ബാങ്ക്, തലവടി | 1&2 |
| 4 | പോപ്പുലർ ഫിനാൻസ് | 1 |
| 5 | മിനി മുത്തൂറ്റ്,തലവടി | 1&2 |
| 6 | റിലയൻസ് Smsl Ltd | 1 |
| 7 | പി ആർ ഡി ഫൈനാൻസിയേഴ്സ് | 1 |
| 8 | ഷൈമാസ് ഹോണ്ട | 1&2 |
| 9 | മുളമൂട്ടിൽ നിധി പ്രൈവറ്റ് ലിമിറ്റഡ് | 1&2 |

| | | |
|---|---|---|
| 10 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 1 |
| 11 | സൗത്ത് ഇൻഡ്യൻ ബാങ്ക്, | 1 |
| 12 | മാവേലി സ്റ്റോർ | 1&2 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്) ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക്(നം.32/2020-21 തീയതി,29.10.2021) മറുപടി ലഭിച്ചിട്ടില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി അസ്സസ്സ്ചെയ്ത് കെട്ടിടത്തിന് നമ്പർ നൽകിയെങ്കിലും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 15-ാം വാർഡിൽ ശ്രീ മനോജ് മത്തായി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും വ്യവസായികാവശ്യത്തിനുള്ളതുമായ 6.60 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 15/323 A എന്ന നമ്പർ നൽകി വസ്തുനികുതി അസ്സസ്സ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും സഞ്ചയയിൽ ചേർത്ത് നികുതി ഈടാക്കിയതിന്റെ ഡിമാന്റ് കളക്ഷൻ വിവരങ്ങൾ ലഭ്യമായില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/23.10.21) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ കെട്ടിടം സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ ചേർത്ത് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക വരവ് - ഫയൽ ലഭ്യമാക്കിയില്ല-

2020-21 വാർഷിക കണക്ക് പ്രകാരം Rent From Lease Of Lands ഇനത്തിൽ യഥാക്രമം, 57750/-, 33275/-രൂപ വരവ് വന്നിട്ടുണ്ട്. ലെഡ്ജർ പ്രകാരം സൂര്യ അഡ്വൈറ്റേഴ്സ് എന്ന പാർട്ടിക്കാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ ആയവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ലത്തതിനാൽ വാടക ഈടാക്കുന്നത് ബൈലോ പ്രകാരമാണോ, കരാർ പുതുക്കുന്നുണ്ടോ എന്നുള്ളത് വ്യക്തമല്ല. വിശദാംശങ്ങൾ നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/28.10.2021) മറുപടി ലഭിച്ചിട്ടില്ല.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

പഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAO) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ(ലൈസൻസ് രജിസ്റ്റർ)പരിശോധിച്ചതിൽ 2019-20 വർഷം ലൈസൻസ് എടുത്ത താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് (രജിസ്റ്റർ പ്രകാരം)എടുത്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര്, വാർഡ് നമ്പർ, കെട്ടിട നമ്പർ. | സ്ഥാപനത്തിന്റെ വ്യാപാരം |
|---|---|---|
| 1 | മാത്യൂ അലക്സ്, കത്തിയാം പറമ്പിൽ 2/528 | സാനിറ്ററി സാധനങ്ങൾ വില്പന |
| 2 | സുരേഷ് കുമാർ, പതിനെട്ടും പറമ്പിൽ 5/141,142 | തടി വർക്ക്ഷോപ്പ് |
| 3 | രഘുനാഥൻ എം സി, മുകളിൽവീട് 7/900 | ഫാൻസി സാധനങ്ങൾ വില്പന |
| 4 | രജികുമാർ, അനുഗ്രഹ 15/38 | സൂപ്പർ മാർക്കറ്റ് |
| 5 | ജോർജ്ജ്കുട്ടി, വാഴേത്രവീട് 6/339 | ബേക്കറി |

| | | |
|---|---|---|
| 6 | ജാസ്മിൻ ഷാജി,തുണ്ടിപറമ്പിൽ<br>7/74A | ബ്യൂട്ടി പാർലർ |
| 7 | വി പി സതീശൻ, വളവുങ്കൽ വീട്<br>7/257 | പലചരക്ക് വ്യാപാരം |
| 8 | അലക്സ് ജോർജ്ജ്, ചക്കാലയിൽ<br>9/223 | എൽ പി ജി ഗോഡൗൺ |
| 9 | അംബിക വിജയൻ, മുണ്ടോട്ട് ഹൗസ്<br>6/371 | തടി ഫർണ്ണിച്ചർ വർക്ക്ഷോപ്പ് |
| 10 | ബിനീഷ് എൻ വി,നടുവത്ര വീട്<br>11/409 | ഇലക്ട്രിക്കൽ ഐറ്റംസ് വില്പന |
| 11 | വി ആർ മനോഹരൻ, വെറ്റിലക്കണ്ടം<br>5/11 | കെട്ടിട നിർമ്മാണ<br>മെറ്റീരിയൽസ്<br>വില്പന |
| 12 | നൈനാൻ പി സി, വിരുത്തിപറമ്പിൽ<br>7/70 | സൂപ്പർ മാർക്കറ്റ് |
| 13 | പി ഡി നടരാജൻ, പുലരി വീട്<br>10/244A | ഓയിൽമിൽ |
| 14 | ബാലകൃഷ്ണൻ എം എൻ, മുണ്ടകത്തിൽ<br>7/120A | ഹോട്ടൽ |
| 15 | രാജപ്പൻ പിള്ള, തട്ടാരേത്ത് വീട്<br>7/851 | ഫാൻസി സാധനങ്ങൾ വില്പന |
| 16 | അന്നമ്മ നൈനാൻ വിരുത്തിപറമ്പിൽ<br>6/503 | ഫർണ്ണിച്ചർ വില്പന |
| 17 | തോമസ് റ്റി.പി, പുളിക്കത്തറ വീട്<br>11/266 | പലചരക്ക് വില്പന |
| 18 | മോളി ജോയി, കണ്ടത്തിൽ പുത്തൻപറമ്പിൽ<br>6/154A | പലചരക്ക് വില്പന |
| 19 | ഷിജു വർഗ്ഗീസ്, ഐൻകുളങ്ങര, നെടുമ്പ്രം | പ്ളാസ്റ്റിക്ക്,സ്റ്റീൽ<br>ഫർണ്ണിച്ചർ വില്പന |
| 20 | ഷിജു രാജൻ, പുത്തൻ വീട്ടിൽ<br>6/550 | ഇലക്ട്രോണിക്ക്<br>ഐറ്റംസ്<br>വ്യാപാരം |
| 21 | ബ്യഹാരി ഇ, പെരുമത്ത് ലക്ഷംവീട്<br>6/534 | ബേക്കറി |
| 22 | ഗീതാ സുരേഷ്, പ്ളാബേരിൽ<br>4/27 | ആയുർവേദ<br>ഔഷധ വ്യാപാരം |
| 23 | തങ്കമണിയമ്മ&രാധാകൃഷ്ണൻ, പട്ടമന ഇല്ലം<br>6/488 | ഓഡിറ്റോറിയം |
| 24 | മഹേശ്വരി,പട്ടമനഇല്ലം<br>6/449-454 | ലോഡ്ജ് |
| 25 | സഞ്ചു ശശിധരൻ,കോടത്തുശ്ശേരിൽ | ഫോട്ടോ സ്റ്റുഡിയോ |

| | | |
|---|---|---|
| 26 | ഡോ.അലക്സ് തോമസ്, അമ്പ്രയിൽ കളപ്പുരക്കൽ<br>5/218 | ഹോമിയോ<br>ക്ളിനിക്ക് |
| 27 | കെ സി ആനന്ദവല്ലി, ഇടകുന്നത്ത് വീട് | ചായക്കട |
| 28 | സിബതി ബാബു കെ ജി, വളവുങ്കല്<br>13/345 | പലചരക്ക് വില്പന |
| 29 | മോഹനകുമാർ സി കെ, ചെമ്പിലയിൽ<br>11/70 | സ്റ്റേഷനറി കട |
| 30 | ശോഭ രാജൻ, രാഗി നിവാസ്<br>8/210 | പലചരക്ക് വില്പന |
| 31 | ആർ ജയകുമാർ,നാൽപതിൻചിറ<br>7/90B | ഫാൻസി സാധനങ്ങൾ വില്പന |
| 32 | റ്റി കെ സാബു,മൈനാകുന്നേൽ<br>8/904 | ഫാൻസി സാധനങ്ങൾ വില്പന |
| 33 | രാജേന്ദ്ര കുമാർ,ദേവി പ്രസാദം<br>7/90C | ബുക്ക്സ് &സി ഡി<br>വില്പന |
| 34 | വിനീത് കുമാർ പി,വിനിത ഭവൻ<br>14/59 | പലചരക്ക് വില്പന |
| 35 | അജയകുമാർ കെ വി,കോപ്പാറ വീട്<br>5/80 | ബേക്കറി |
| 36 | ശശികുമാർ എം റ്റി,മേനാംമൂട്ടിൽ<br>7/112 | പലചരക്ക് വില്പന |
| 37 | ദേവദാസ്,പാറയിൽ<br>2/63B,63C | ഇലക്ട്രിക്കൽ,പ്ലംബിംഗ്<br>സാധനങ്ങൾ<br>വില്പന |
| 38 | സതീശൻ എം കെ,മുല്ലപ്പള്ളിപറമ്പിൽ<br>15/498A | പലചരക്ക് വില്പന |
| 39 | റാണി മധു,ശ്രീവത്സം<br>5/47A<br>ഹോട്ടൽ5/47A | ബാഗ് നിർമ്മാണം |
| 40 | ഗീതാ കൃഷ്ണകുറുപ്പ്, കുറവക്കാട്ട്<br>7/90 | ഹോട്ടൽ |
| 41 | ശ്രീനിവാസൻ,ഗോകുലം<br>7/120 | ഹോട്ടൽ |
| 42 | പി കെ മോഹനൻ, ശാസ്താംപറമ്പിൽ<br>14/97 | ബാർബർ ഷോപ്പ് |
| 43 | വാസവൻ എൻ മുണ്ടകത്തിൽ<br>7/100B | സ്റ്റേഷനറി<br>വ്യാപാരം |
| 44 | ജയശ്രീ ജി, ഉണ്ടിപറമ്പിൽ<br>8/108 | വസ്ത്ര വ്യാപാരം |
| 45 | സുലഭ പ്രസാദ്, പൊന്നെഴുത്ത്<br>3/107 | സ്റ്റേഷനറി വ്യാപാരം |

| | | |
|---|---|---|
| 46 | ഷീന എലിസബത്ത് ജോർജ്ജ്, തോട്ടുകടവിൽ<br>3/272A | കാറ്ററിംഗ് സർവ്വീസ് |
| 47 | പി ജി വർഗ്ഗീസ്, പുരയ്ക്കൽ വീട്<br>6/459 | മുട്ട വ്യാപാരം |
| 48 | വി എം തോമസ്, വാതപ്പള്ളിൽ | സ്പെയർ പാർട്ട്സ് വ്യാപാരം |
| 49 | മോഹനൻ, നെടുംപറമ്പിൽ<br>7/90D | പൂജാ സാധനങ്ങളുടെ<br>വില്പന |
| 50 | പ്രവീൺ കുമാർ പി, പരിക്കോലിൽ<br>11/310A | ഇലക്ട്രിക്കൽ,പ്ലംബിംഗ്<br>സാധനങ്ങൾ<br>വില്പന |
| 51 | ബിജു ജേക്കബ്, മാലിയിൽ<br>5/200 | ബിസ്കറ്റ് ഡിസ്ട്രിബ്യൂഷൻ |
| 52 | ജോളി സെബാസ്റ്റ്യൻ, കേളംചേരിൽ<br>4/63 | സ്റ്റേഷനറി<br>വ്യാപാരം |
| 53 | ജോർജ്ജ് വർഗ്ഗീസ്, ചൂവലപാറ<br>7/124 | ബേക്കറി |
| 54 | അമ്പിളി, പാപ്പനവേലിൽ<br>7/85 | ഫ്രൂട്ട് സ്റ്റാൾ |
| 55 | മുജീബ്അബ്ബാസ്, തോണ്ടപ്പുറത്ത്<br>6/499 | ബേക്കറി |
| 56 | സജി പി റ്റി, പുലിത്തിടപറമ്പിൽ<br>7/105 | സ്റ്റേഷനറി<br>വ്യാപാരം |
| 57 | മനോജ് എംഎം, മുക്കാന്തറ<br>11/234 | ഗേറ്റ്,ഗ്രിൽ<br>നിർമ്മാണം |
| 58 | കെ എം ജേക്കബ്, കൊപ്പാറപറമ്പിൽ<br>6/405 | മണ്ണെണ്ണ<br>വ്യാപാരം |
| 59 | രമേശൻ കെ ഡി<br>9/109A | പലചരക്ക് വില്പന |

ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് സംബന്ധിച്ച 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പട്ടിക II(ചട്ടം 7) പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷയിലോ അന്വേഷണ റിപ്പോർട്ടിലോ സ്ഥാപനങ്ങളുടെ മൂലധനനിക്ഷേപം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും കാണുന്നില്ല. ഉദാഹരണത്തിന് ഭദ്രാ ഫ്യുവൽസ് എന്ന പെട്രോൾ പമ്പിന്റെ ലൈസൻസ് ഫീസ് 3000/-യാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ ലൈസൻസിനായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലോ അന്വേഷണ റിപ്പോർട്ടിലോ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും കാണുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(33/01.11.2021) മറുപടി ലഭിച്ചിട്ടില്ല.

## 1-16 ഗ്രാമപഞ്ചായത്തിന്റെ ഭൌതിക സാഹചര്യങ്ങൾ പരിതാപകരം- പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം സാധ്യമാകുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഭൌതിക സാഹചര്യങ്ങൾ വളരെ പരിതാപകരമാണ്. ചോർന്നൊലിക്കുന്നതും ജീർണ്ണോന്മുഖവുമാണ് പഞ്ചായത്ത് ഓഫീസ് കെട്ടിടമെന്ന് കാണുന്നു. ഫ്രണ്ട് ഓഫീസും ആവശ്യമായ സൌകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നുണ്ട്. തൃപ്തികരമായ ഭൌതിക സാഹചര്യങ്ങളില്ലാത്തത് പഞ്ചായത്ത് പ്രവർത്തനത്തിന്റെ അന്തിമ ഗുണഭോക്താക്കളായ പൊതുജനത്തിന് കാര്യക്ഷമമായ സേവനം നല്കുന്നതിന് വിഘാതമുണ്ടാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ശോചനീയാവസ്ഥ വ്യക്തമാക്കുന്ന ഓഡിറ്റ് സമയത്തുള്ള ചില ചിത്രങ്ങൾ ചുവടെ ചേർക്കുന്നു:







തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഐ.എസ്.ഒ-9001-2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും പുതുക്കുകയും ചെയ്യേണ്ടതാണെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോഴാണ് (സ.ഉ(എം.എസ്)നം.18/2015/തസ്വഭവ, 29.01.2015) പ്രാഥമിക സൌകര്യങ്ങൾ പോലും ഇല്ലാതെ പഞ്ചായത്ത് പ്രവർത്തിച്ചുവരുന്നത്. ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ഇല്ലാത്ത സംസ്ഥാനത്തെ രണ്ടാമത്തെ പഞ്ചായത്തും ജില്ലയിലെ ഏകപഞ്ചായത്തുമാണ് തലവടി ഗ്രാമപഞ്ചായത്ത്. Kerala Local Government Service Delivery Projectന്റെ ഭാഗമമായി, കേരള സർക്കാർ, GO(Rt)1699/2017/Lsgd/24.05.2017 പ്രകാരം അംഗീകരിച്ചിട്ടുള്ള Office Management Manual For Local Government Institutions പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഭൌതിക സാഹചര്യങ്ങൾ യാതൊന്നും പൊതുജനത്തിനോ ജീവനക്കാർക്കോ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഓഫീസിന്റെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുണ്ടായിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ, പൊതുജനങ്ങൾക്കായി ഫ്രണ്ട് ഓഫീസിൽ നിലവിൽ ലഭ്യമായ ഭൌതിക സൌകര്യങ്ങൾ, ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ, എന്നിവ വിശദമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/12.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് പൊതുജനത്തിന് കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 1-17 ആസ്തി രജിസ്റ്ററിന്റെ പരിപാലനം കാര്യക്ഷമമല്ല-

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വിവരങ്ങൾ അപൂർണ്ണം -

കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിർമ്മാണവർഷം, നിർമ്മാണ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. റോഡുകളുടെ വിവരം 1996 വരെയുള്ളതാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നടവഴികളുടെ വിവരങ്ങൾ

2009-10 വരെയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. പലവഴികളുടെയും തുടങ്ങുന്ന പോയിന്റ്, അവസാനിക്കുന്ന പോയിന്റ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നിർമ്മാണ വർഷം, നിർമ്മാണ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ വിവരങ്ങളിൽ ഏത് വർഷം വരെയുള്ളതെന്നും രേഖപ്പെടുത്തിയിട്ടില്ല. മൂവബിൾ ആസ്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ ടി ആസ്തികളുടെ സൂക്ഷിപ്പ് ആർക്കാണെന്നോ, അതിന്റെ വില എത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ മെയിന്റനൻസ് നടത്തിയതിന്റെ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

3.ആധികാരികമാക്കിയിട്ടില്ല-

ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം നിരവധി ടാർ റോഡുകളും, കോൺക്രീറ്റ് റോഡുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം 2010-11 വരെയുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ടി അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക്(1/11-10-2021) മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച്, ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ അടിയന്തരമായി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-18 ലൈഫ് മൂന്നാം ഘട്ടം വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ - അർഹതയുള്ള എല്ലാ ഗുണഭോക്താക്കളുടെയും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചിട്ടില്ല

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ ലൈഫ് മൂന്നാം ഘട്ടം വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ പദ്ധതിയോടനുബന്ധിച്ച് ജനറൽ, പട്ടികജാതി വിഭാഗത്തിനായി യഥാക്രമം 1000000, 450000/- ചെലവഴിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയും എസ്സ് സ്സി വിഭാഗത്തിന് 2,25,000/- രൂപയും ആണ് 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിനായി അനുവദിക്കുക. ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ അർഹരായ 60 ഗുണഭോക്താക്കൾ ഉണ്ടായിരിക്കേ ജനറൽ വിഭാഗത്തിൽ അഞ്ച് പേർക്കും, പട്ടികജാതി വിഭാഗത്തിൽ രണ്ട് പേർക്കും മാത്രമേ ആനുകൂല്യം ലഭ്യമായിട്ടുള്ളൂ. മറ്റ് ഗുണഭോക്താക്കൾ വാടക വീടുകളിലോ ഇടിഞ്ഞ് വീഴാറായ വീടുകളിലോ ആണ് നിലവിൽ താമസിച്ച് വരുന്നത് എന്നാണ് നിർവ്വഹണോദ്യഗസ്ഥ അറിയിച്ചത്. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തി വാങ്ങുന്നതിനോ ,വീട് നിർമ്മിക്കുന്നതിനോ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/27.10.21)ലഭ്യമാക്കിയ മറുപടിയിൽ ഭൂമി വാങ്ങുന്നതിനായി നൽകുന്ന തുകയ്ക്ക് ഭൂമി ലഭ്യമാകാത്തതും പഞ്ചായത്തിന്റെ പരിധിയിൽ ജോലിചെയ്യുന്നവർ മറ്റ് പഞ്ചായത്തിൽ പോയി ഭൂമി വാങ്ങിക്കാൻ തയ്യാറാകാത്തതും ഭൂമി ലഭ്യതയിലെ കുറവും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് തടസ്സമായി എന്നാണ് നിർവ്വഹണോദ്യഗസ്ഥ അറിയിച്ചത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി കണ്ടെത്താൻ വാർഡ് മെമ്പർമാരുടെ സഹായം ലഭ്യമാക്കാവുന്നതാണ്. സർക്കാർ ഭൂമി കണ്ടെത്തി നൽകുകയോ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മിച്ച ഭൂമി കണ്ടെത്തി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് നൽകുകയോ ചെയ്ത് ഈ അപാകതയ്ക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-19 വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വൻ ബാദ്ധ്യത

ഗ്രാമപഞ്ചായത്ത് ഈ സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ 1711500/-രൂപ ഒടുക്കിയിട്ടുണ്ട് (142625-*നിരക്കിൽ).* എങ്കിലും മാർച്ച് 2021 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 1,24,10296/- രൂപ ഒടുക്കുവാൻ ബാക്കിയുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം 326 എന്ന കണക്കാക്കിയാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തുവരുന്നത്. എന്നാൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി, ഗ്രാമപഞ്ചായത്ത് അധികാരികളുടെ ടീം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/27.10.21) *ലഭ്യമാക്കിയ മറുപടിയിൽ 2012 ൽ ആണ്* അവസാനമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുകയുണ്ടായി. ആകയാൽ സംയുക്തപരിശോധന പൂർത്തിയാക്കി പ്രവർത്തനക്ഷമവും പൊതുജനോപകാരപ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുകമാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 1-20 പദ്ധതി ആസൂത്രണം-സർക്കാർ നിർദ്ദേശങ്ങളും പ്രാദേശിക സവിശേഷതകളും പരിഗണിക്കപ്പെടുന്നില്ല

പദ്ധതി ആസൂത്രണം സംബന്ധിച്ച വിവിധ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കപ്പെടാതെ പോകുന്നത് മൂലം സുസ്ഥിര വികസനത്തിന് ഒഴിവാക്കാനാകാത്ത പല മേഖലകളും അവഗണിക്കപ്പെടുകയും പ്രാദേശിക സവിശേഷതകൾ ഉൾക്കൊണ്ട് കൊണ്ടുള്ള ആസൂത്രണം നടപ്പാകാതെ പോകുകയും ചെയ്യുന്നതായി കാണുന്നു. വിശദാംശങ്ങൾ:

1. അവഗണിക്കപ്പെടുന്ന മേഖലകൾ:

സുഭിക്ഷകേരളം പ്രോജക്റ്റിൽ കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ ഭക്ഷ്യോല്പാദന വർദ്ധനവിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്(സ.ഉ(കൈ)14/2020/ആ.സാ.വ, 18.5.20) എന്നാൽ പ്രാദേശിക സവിശേഷതകൾ മൂലം ഉൾനാടൻ മത്സ്യബന്ധനമേഖലയ്ക്ക് വളരെയേറെ പ്രാധാന്യമുള്ള മേഖലയായിട്ടും ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധന മേഖലയിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ഒന്നുംതന്നെ നിർവ്വഹിച്ചതായി കാണുന്നില്ല. അതേപോലെ, ക്ഷീരവികസന മേഖലയിലും ഉല്പാദനവർദ്ധനവിനുതകുന്ന നവീനമായ പദ്ധതികൾ ഒന്നും തന്നെ ആസൂത്രണം ചെയ്ത് കാണുന്നില്ല.

2. കാർഷിക മേഖല-ആസൂത്രണത്തിന്റെ അഭാവം:

കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്കും മറ്റ് കാർഷിക വിളകൾക്കും ന്യായമായ വില ഉറപ്പാക്കാനും വിപണനസൌകര്യം ഒരുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണെന്ന് സർക്കാർ നിർദ്ദേശമുണ്ട്(സർക്കുലർ നം. ഡി.എ1/140/2020/3.8.20), ഗ്രാമപഞ്ചായത്ത് തലത്തിൽ എന്നാൽ ഇതിൻ പ്രകാരം വിപണന കേന്ദ്രങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടില്ല. കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും തുടർച്ച ഉറപ്പാക്കുന്നതിനും ഇത്തരം സൌകര്യങ്ങൾ ആവശ്യമാണ്.

3. പ്രാദേശിക സാഹചര്യം പരിഗണിക്കപ്പെടുന്നില്ല:

ഓരോ വർഷവും ഒന്നിലേറെ തവണയായി ആവർത്തിക്കപ്പെടുന്ന വെള്ളപ്പൊക്കം മൂലം ദുരിതമനുഭവിക്കുന്ന ജനതയാണ് ഗ്രാമപഞ്ചായത്തിലുള്ളതെന്ന് കാണാം. തോടുകളുടെ ശുചീകരണം സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയുടെ ഭാഗമാണെന്നിരിക്കിലും, ജലസ്രോതസ്സുകളുടെ സംരക്ഷണം ഉദ്ദേശിച്ച് അസി.എഞ്ചിനീയർ നടപ്പാക്കാൻ ഉദ്ദേശിച്ച് ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ എല്ലാം തന്നെ നടപ്പാക്കപ്പെടാതെ പോയി.

| പ്രോജ.നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ (രൂ.) |
|---|---|---|
| 220/21 | വാർഡ് ആറ്, ചേരിതോട് നവീകരണം | 310000 |
| 227/21 | വാർഡ് പതിനഞ്ച് കൊച്ചമ്മനം വിലങ്ങാർ തോട് ആഴംകൂട്ടി നീരൊഴുക്ക് വർദ്ധിപ്പിക്കൽ | 310000 |
| 244/21 | കങ്കായത്തോട് സംരക്ഷണ ഭിത്തി കെട്ടൽ | 100000 |
| 246/21 | കണിയാംപറമ്പ് തോട് കല്ലുകെട്ടി സംരക്ഷണം | 260000 |
| 248/21 | ചങ്ങനടി പാടശേഖരത്തിൽ നിന്നും പമ്പാ നദിയിലേക്കുള്ള ജലനിർഗ്ഗമന കലുങ്ക് നിർമ്മാണവും സംരക്ഷണ ഭിത്തിയും | 260000 |
| 254/21 | അമ്പ്രയിൽ ലക്ഷം വീട് കോളനി ഭാഗം മാമ്മൂട്ടിൽ തോടിന്റെ സംരക്ഷണഭിത്തി കെട്ടൽ | 110000 |
| 255/21 | കളങ്ങരതോട് സംരക്ഷണ ഭിത്തി കെട്ടൽ | 60000 |
| 256/21 | വൈദ്യശാല തോട് സംരക്ഷണ ഭിത്തികെട്ടൽ | 100000 |
| 284/21 | തലവടി ഗ്രാമപഞ്ചായത്തിലെ വിവിധ ജലസ്രോതസ്സുകളുടെ സംരക്ഷണം | 490000 |
| | ആകെ: | 2000000 |

നീരൊഴുക്ക് സുഗമമാക്കുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ഉതകുന്ന ഇത്തരം പ്രാദേശിക ആവശ്യവും സാഹചര്യവും അനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ട ശേഷവും നിർവ്വഹണം നടക്കാതെ പോകുന്ന സ്ഥിതി വിശേഷം ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം.നം.28/28.10.21)

## 1-21 പദ്ധതിയ്ക്കായി വകയിരുത്തപ്പെടുന്ന തുകയുടെ നല്ലൊരു ശതമാനവും ലഭ്യമാകുന്നില്ല - ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ്

തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ സുലേഖയിൽ നിന്നുള്ള ചെലവ് കണക്കുകൾ പ്രകാരം ആകെ വകയിരുത്തിയിരുന്നത് 89330045/- രൂപയായിരുന്നു. വിവിധയിനം ഗ്രാന്റുകൾ, ജില്ലാ, ബ്ലോക്ക് വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ളവ ഉൾപ്പെടെയായിരുന്നു ടി തുക വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം വകയിരുത്തിയിരുന്ന തുകയുടെ ലഭ്യത ഉറപ്പുവരുത്താതെ തുക വകയിരുത്തുന്നത് മൂലം ടി തുക ലഭ്യമാകാതെ വരുകയും, ചെലവ് ശതമാനം വകയിരുത്തിയ തുകയുടെ പകുതിയിൽ താഴെയായി കുറയുകയുമുണ്ടായി. തൻവർഷം ചെലവഴിക്കപ്പെട്ടത് വകയിരുത്തിയ തുകയുടെ കേവലം 43270018/-രൂപ മാത്രമാണ് (48.43%). ഇപ്രകാരം വകയിരുത്തപ്പെടുന്ന തുക യഥാസമയം ലഭ്യമാക്കി, വിനിയോഗിക്കപ്പെടാത്തതു മൂലം നഷ്ടമാകുന്നത് മൂലം അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളാണ്. ആയത് ശരിയായ പ്രവണതയല്ല. കോവിഡ് പ്രതിസന്ധി സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെങ്കിലുംപദ്ധതി ചെലവിലെ കുറവ് ആത്യന്തികമായി സാധാരണ ജനങ്ങളെയാണ് ബാധിച്ചിട്ടുള്ളത്. ഈ കുറവുകൾ പരിഹരിക്കുന്ന രീതിയിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 സാമൂഹ്യ സുരക്ഷ പെൻഷനുകൾ- അനർഹമായ കാലയളവിലേക്കും അനുവദിച്ചു

സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണത്തോടെ സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടരുന്നതായി കാണുന്നു. ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് ഇതിനാൽ തന്നെ മരണശേഷവും തുക ക്രഡിറ്റാകുകയും അത് പിൻവലിക്കപ്പെടുകയും ചെയ്യും. സഹകരണബാങ്കുകൾ മുഖേന പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മരണാനന്തരം/മറ്റേതെങ്കിലും കാരണത്താൽ പെൻഷൻ അർഹത ഇല്ലാതാകുമ്പോൾ തുക കൈമാറാതെ തിരിച്ച് പോകുന്നുണ്ടെങ്കിലും അതിന്റെ വിശദാംശം വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കപ്പെടുന്നില്ല എന്നതിനാൽ ഇപ്രകാരം തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നത്, നിരീക്ഷിക്കാനാകുന്നില്ല.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലെ വിവരങ്ങളും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്കായി അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഇതര ബാങ്കുകൾ മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും കാണുന്നുണ്ട്. സഹകരണ ബാങ്കുകളിലേക്ക് കൈമാറുന്ന പെൻഷൻ തുക വീടുകളിൽ നേരിട്ട് എത്തിക്കാനാകാതെ വരുന്ന ചില സാഹചര്യങ്ങളിലും പെൻഷനർ മരണപ്പെട്ട സാഹചര്യങ്ങളിലും ആയത് രേഖപ്പെടുത്തൽ വരുത്തി തുക കൈമാറാതെ വരുന്നുവെങ്കിലും ആയത് സഹകരണ ബാങ്കുകളിൽ നിന്ന് തിരിച്ചടയ്ക്കുന്നത് നിരീക്ഷിക്കപ്പെടുന്നില്ല. കൂടാതെ, ഇപ്രകാരം പെൻഷനർ മരണപ്പെട്ടതായി സഹകരണബാങ്കിന്റെ രേഖപ്പെടുത്തൽ ഉള്ളപ്പോഴും പെൻഷൻ നിർത്തലാക്കാതെ തുടർ മാസങ്ങളിൽ വീണ്ടും വിതരണത്തിനായി തുക അലോട്ട്ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -

എ)സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| വർഗീസ് അബ്രഹാം | 104520201534 | 15.12.19 | 12/19-9/21 | 31000 |
| ദേവസ്യ ചെറിയാൻ | 104520200982 | 22.12.19 | 12/19-9/21 | 29600 |
| കെ.പുരുഷോത്തമൻ നായർ | 104520200022 | 25.12.19 | 12/19-9/21 | 33600 |
| അന്നമ്മ ഫിലിപ്പ് | 104520200494 | 13.1.21 | 1/21-9/21 | 14100 |
| ജാനകി വേലായുധൻ | 104520200058 | 4.4.20 | 4/20-9/21 | 27600 |
| അന്നമ്മ യോഹന്നാൻ | 104520200467 | 25.2.21 | 2/21-9/21 | 12600 |
| വി.കെ.കരുണാകരൻ | 104520201126 | 13.11.20 | 11/20-9/21 | 6600 |
| വർഗീസ് ചാക്കോ | 104520200010 | 28.10.20 | 10/20-9/21 | 18600 |
| | | | | 173700 |

ബി)ബാങ്ക് മുഖേന വ്യക്തിഗത അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടത്-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അയ്യപ്പൻ രമണൻ | 104520201479 | 21.11.20 | 11/20-9/21 | 16900 |
| ഗംഗാധരൻ | 104520201117 | 3.6.20 | 6/20-9/21 | 9600 |
| | | | ആകെ: | 26500 |

2)കർഷക തൊഴിലാളി പെൻഷൻ-സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| ശാന്ത | 104520101412 | 24.12.19 | 12/19-9/21 | 31000 |
| വെളുമ്പി മാധവി | 104520200112 | 21.12.19 | 12/19-9/21 | 15500 |
| കൊച്ചുപെണ്ണ് കുഞ്ഞച്ചൻ | 104520100198 | 30.3.20 | 3/20-9/21 | 27300 |
| ചിന്നമ്മ വർഗീസ് | 104520100817 | 27.11.20 | 11/20-9/21 | 16900 |
| | | | ആകെ | 90700 |

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ തലവടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് സി 5-3402/21, തീയതി.24.9.21 പ്രകാരം തലവടി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയതായി കാണുന്നുണ്ട്. ഇതിൻ പ്രകാരം വിവിധ പെൻഷനുകൾ നിലവിൽ നല്കി വരുന്നവരിൽ മരിച്ചുപോയവരുടെ വിവരത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

| വാർഡ് | മരിച്ചുപോയ പെൻഷനേഴ്സിന്റെ എണ്ണം |
|---|---|
| 1 | 17 |
| 2 | 6 |
| 3 | 16 |
| 4 | 5 |
| 5 | 5 |
| 6 | 6 |
| 7 | 5 |
| 8 | 13 |
| 9 | 17 |
| 10 | 13 |
| 11 | 8 |
| 12 | 9 |
| 13 | 11 |
| 14 | 17 |
| 15 | 11 |
| ആകെ: | 159 |

ഇതിന് പുറമേ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്നവരിൽ മരിച്ചുപോയവരും അർഹത നഷ്ടപ്പെട്ടവരുമായ വ്യക്തികളെയും ഒഴിവാക്കേണ്ടതുണ്ട്. മുകളിൽ പരാമർശിച്ച പ്രകാരം അനർഹമായി നടത്തപ്പെട്ട പെൻഷൻ വിതരണ ചെലവ്(173700+26500+90700) അനുവദനീയമല്ല. ആകെ തുക 290900/- സർക്കാരിലേക്ക് തിരികെ ഒടുക്കുവരുത്തേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.17/26.10.21)

## 1-23 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിലെ കാലതാമസം, സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അവയ്ക്ക് അപേക്ഷിച്ച് സർക്കാർ ഉത്തരവ് (ജി.ഒ(പി)105/2002/തസ്വഭവ, 25.6.02) പ്രകാരമുള്ള 40മുതൽ 45ദിവസം വരെയുള്ള സമയപരിധിക്കകം (വിവിധ പെൻഷനുകൾക്ക് വ്യത്യസ്ത കാലയളവോടെ) അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിൽ ഗണ്യമായ

കാലതാമസം-മാസങ്ങളുടെ വ്യത്യാസം, വരുന്നതായി കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐഡി | പെൻഷൻ ഇനം | അപേക്ഷാ തീയതി | കമ്മിറ്റി തീയതി | പെൻഷൻ അനുവദിച്ചത് എന്ന് മുതൽ |
|---|---|---|---|---|---|
| ഫേബ.ആർ തോമസ്സ് | 104520400301 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 01/10/2020 | 18/01/2021 | February-2021 |
| ഹന്ന മെറിൻ ഈപ്പൻ | 104520400304 | ടി | 19/02/2021 | 10/06/2021 | June-2021 |
| തോമസ് ഫ്രാൻസിസ് | 104520400306 | ടി | 25/03/2021 | 10/06/2021 | June-2021 |
| സുമേഷ് പി | 104520400305 | ടി | 27/03/2021 | 10/06/2021 | June-2021 |
| സാറാമ്മ | 104520500042 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 25/03/2021 | 09/07/2021 | July-2021 |
| ഗ്രേയ്സമ്മ ചാക്കോ | 104520500041 | ടി | 23/03/2021 | 10/06/2021 | June-2021 |
| വിജയമ്മ | 738160988141 (ആധാർ) | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 15/03/2021 | എൻടി നടന്നുകൊണ്ടിരിക്കുന്നു. എന്നാണ് സൈറ്റിൽ കാണുന്നത്. | - |
| അനിയൻ | 104520101818 | കർഷക തൊഴിലാളി പെൻഷൻ | 17/06/2020 | 17/08/2020 | September-2020 |
| മോഹനൻ.എം.ആർ | 104520101819 | ടി | 18/06/2020 | 17/08/2020 | September-2020 |
| ഇന്ദിര | 104520101820 | ടി | 29/06/2020 | 17/08/2020 | September-2020 |
| ബാബു ജോർജ്ജ് | 104520201916 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/11/2020 | 30/01/2021 | February-2021 |
| രാജേന്ദ്രൻ നായർ റ്റി ജി | 104520201917 | ടി | 09/11/2020 | 30/01/2021 | February-2021 |
| മറിയാമ്മ ചാക്കോ | 764779038763 (ആധാർ) | ടി | 12.11.2020 | ആക്ടീവ് (അപ്രൂവ് ചെയ്തിട്ടുണ്ട്)എന്നാണ് സൈറ്റിൽ ഉള്ളത്. വിതരണം ആരംഭിച്ചിട്ടില്ല. | |
| രഘുനാഥൻ | 104520201808 | ടി | 27/04/2020 | 27/05/2020 | July-2020 |

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ യഥാസമയം പരിഗണിച്ച് സമയപരിധിക്കകം അനുവദിക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.18/26.10.21, മറുപടിയിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.)

## 1-24 പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

ശുചിത്വ മാലിന്യ സംസ്കരണം നടത്തുന്നതിനായി പഞ്ചായത്തിൽ രൂപീകൃതമായ ഹരിതകർമ്മസേനയുടെ പ്രവർത്തനം 31.01.2020 ൽ ആണ് ആരംഭിച്ചത്. ഹരിതസഹായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന സ്ഥാപനം മുഖേന ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുകയും അജൈവമാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭ്യമാക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതും പരിശീലിപ്പിക്കുകയുണ്ടായി. തരംതിരിച്ച പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനി എടുത്തതിലൂടെ 4696/- രൂപ ലഭിക്കുകയുണ്ടായി. വീടുകളിൽ നിന്നും കടകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീ ഇനത്തിൽ 30/- രൂപ ഏർപ്പെടുത്തുകയും, യൂസർ ഫീ ഇനത്തിൽ 764975/-രൂപ തൻവർഷം ലഭ്യമായി. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി 189580/- രൂപ തൻവർഷം നൽകിയിട്ടുണ്ട്.

പൊതുമാലിന്യ സംസ്കരണ സംവിധാനത്തോട് ചേർന്ന് അജൈവമാലിന്യ സംഭരണ കേന്ദ്രവും വളവും ഇനോകുലവും അനുബന്ധ സാമഗ്രികളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലവും ഹരിതകർമ്മസേനയുടെ ഓഫീസ് പ്രവർത്തിക്കാനുള്ള സൌകര്യമടങ്ങുന്ന കെട്ടിടവും അനുബന്ധ സൌകര്യവും തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരുക്കേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള സൌകര്യങ്ങൾ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. നിലവിൽ കളക്ഷൻ സെന്റർ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിൽ വൈദ്യുതിയും വെള്ളവുമില്ല. താൽക്കാലിക കെട്ടിടത്തിലായതിനാൽ ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള ശുചിമുറി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ആകയാൽ മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി കെട്ടിടം സ്ഥാപിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സുഭിക്ഷ കേരളം-തരിശ് ഭൂമി നെൽകൃഷി യോഗ്യമാക്കൽ-കാർഷികോല്പാദനം-മോണിറ്ററിങ് ക്രീയാത്മകമാകണം

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി സുഭിക്ഷ കേരളം-തരിശ് ഭൂമി നെൽകൃഷി യോഗ്യമാക്കൽ പ്രോജക്ട്(നം.210/21) നടപ്പാക്കിയതായി കാണുന്നു. ഹെക്ടറിന് 40000/-രൂപ വീതം ആകെ 16 ഹെക്ടറാണ് കൃഷിയോഗ്യമാക്കിയതായി ഫയലിൽ നിന്ന് മനസ്സിലാകുന്നത്. ആകെ 20 കർഷകർക്കാണ് തരിശ് നിലം കൃഷിയോഗ്യമാക്കുന്നതിലേക്ക് കൂലിച്ചെലവ് നല്കിയത്. എന്നാൽ തരിശ് നിലം കൃഷിയോഗ്യമാക്കിയത് ഗ്രാമപഞ്ചായത്തിന്റെ കാർഷികോല്പാദന മേഖലയിൽ എപ്രകാരം പ്രതിഫലിച്ചു എന്നത് വിശദീകരിക്കാൻ ക്ഷമതയുള്ള കണക്കുകൾ സൂക്ഷിക്കപ്പെടുകയോ നിരീക്ഷിക്കപ്പെടുകയോ ഇപ്രകാരമുള്ള ക്രീയാത്മകമായ പ്രോജക്ടുകളെ അതിനനുസൃതമായ പരിഗണന നല്കി തുടർനിരീക്ഷണത്തിന് വിധേയമാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല.

സുഭിക്ഷകേരളം പദ്ധതിയിൽ കൃഷി-സബ്സിഡി മാനദണ്ഡങ്ങൾ (സ.ഉ(സാ)1009/2020/തസ്വഭവ/29.5.20) പ്രകാരം, മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യാത്ത ഭൂമിയാണ് തരിശ് ഭൂമിയായി പരിഗണിക്കാവുന്നത്. ഇത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്, കൂടാതെ, തരിശ് ഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നല്കാവുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ആകെ കാർഷിക ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച ഡേറ്റാ ഓരോവർഷവും പുതുക്കിക്കൊണ്ട് സൂക്ഷിക്കാവുന്നതാണ്. നിലവിലെ ആകെ നെൽ കൃഷിയോഗ്യമായ ഭൂമിയുടെ അളവ്, തരിശ് ഭൂമിയുടെ അളവ്, തരിശ് ഭൂമി തൻവർഷം കൃഷിയോഗ്യമാക്കിയത് മുതലായ വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ്. കാർഷികോല്പാദനത്തിന്റെ കണക്ക്, വിശേഷിച്ച് നെൽക്കൃഷിക്ക് പ്രാധാന്യമുള്ള മേഖലയെന്ന നിലയിൽ നെല്ലുല്പാദനത്തിന്റെ അളവ് സംബന്ധിച്ച(ഓരോ വർഷവും ഓരോ പാടശേഖരത്തിലും എത്ര ടൺ വീതം എന്നിങ്ങനെ) വാർഷിക വിവരങ്ങൾ സൂക്ഷിക്കാവുന്നതാണ്. ഇത് നെല്ലുല്പാദനത്തിൽ വരുന്ന വാർഷിക ഏറ്റക്കുറച്ചിലുകളെ മോണിറ്റർ ചെയ്യുന്നതിനും അതിൻപ്രകാരം പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും പ്രോജക്ടുകളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും സഹായകമാകും. നിലവിൽ ഇപ്രകാരമുള്ള സ്ഥിതി വിവരങ്ങൾ സൂക്ഷിക്കപ്പെടാത്തതിനാൽ മോണിറ്ററിംഗ് കാര്യക്ഷമമല്ല.

## 1-26 പാലിയേറ്റീവ് കെയർ- മരുന്നും ഉപകരണങ്ങളും ലഭ്യമാകുന്നത് ഭാഗികമായി മാത്രം

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ആകെ 749345/-രൂപ ചെലവായിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി വിവിധ ഇൻവോയിസുകൾ പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ അവ്യക്തതയുള്ളതായി കാണുന്നു. ബിൽ പ്രകാരം തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് (തിരുവനന്തപുരം)എന്ന സ്ഥാപനത്തിന് തുക നല്കിയ പ്രഫോർമ ഇൻവോയിസ് പ്രകാരമല്ല, മറിച്ച് സാധനങ്ങൾ ലഭ്യമാക്കിയ കാരുണ്യ മെഡിസിൻ ഡിപ്പോ (കൊല്ലം) നിന്നുള്ള ഇൻവോയിസ് പ്രകാരമാണ് സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതെന്നതിനാൽ നല്കിയ തുകയ്ക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നത് പരിശോധിക്കാനാകുന്നില്ല. ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരം പാലിയേറ്റീവ് കെയർ നേഴ്സ് രേഖപ്പെടുത്തുന്നതല്ലാതെ ആരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന്(2/27.10.2021)മെഡിക്കൽ ഓഫീസർ

ലഭ്യമാക്കിയ മറുപടി പ്രകാരം, ചുവടെ ചേർക്കും പ്രകാരമുള്ള തുകയ്ക്കുള്ള ഉപകരണങ്ങൾ/മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് വ്യക്തമാകുന്നു.

| ഇനം | ഇൻവോയിസ് | എണ്ണം | തുക | തുക ഇനം, ബിൽ |
|---|---|---|---|---|
| Hand Sanitizer 500ml | 5928/04.03.2021 | 20 | 3460.24 | തനത് ചെക്ക്.നം. 4490622/16.04.21 |
| Gauze Bandage | ടി | 40 | 3426.30 | ടി |
| Rolled Bandage | ടി | 47 | 315.84 | ടി |
| Face Mask | ടി | 262 | 2002.72 | ടി |
| Underpad | ടി | 92 | 19345.40 | ടി |
| Airbed | 5926/04.03.2021 | 6 | 12075.04 | ടി |
| Crutches Adj. | ടി | 6 | 4019.78 | ടി |
| Walker Adj. | ടി | 6 | 5837.70 | ടി |
| Walking Cane | ടി | 6 | 1602.98 | ടി |
| Rolled Bandage | 6642/25.03.2021 | 72 | 483.84 | ടി |
| Air Bed | ടി | 2 | 4025.02 | ടി |
| Walking Stick | ടി | 8 | 2573.76 | ടി |
| Walking Stick | ടി | 6 | 2399.60 | ടി |
| Cotton Wool | 5743/24.02.2021 | 50 | 2415.28 | 20070552002501318367/ 22.03.21 |
| Insulin Syringe | ടി | 298 | 1865.72 | ടി |
| Gloves Sterile | ടി | 190 | 2262.06 | ടി |
| Gloves Sterile | ടി | 100 | 1190.56 | ടി |
| Gloves Non Sterile | ടി | 200 | 2881.12 | ടി |
| Syringe20ml | ടി | 200 | 2096.64 | ടി |
| Syringe10ml | ടി | 202 | 904.96 | ടി |
| Foly Catheter | ടി | 50 | 3495.52 | ടി |
| Gluco Meter Strips | ടി | 25 | 12500.88 | ടി |
| Ryles Tube14 | ടി | 5 | 78.40 | ടി |
| Ryles Tube16 | ടി | 5 | 74.53 | ടി |
| Ns 0.9inj100ml | 5434/16.02.2021 | 300 | 3575 | ടി |
| Providone Iodine | ടി | 100 | 2733 | ടി |
| Errythropoietin | ടി | 200 | 38230 | ടി |
| Micropore | ടി | 100 | 6117.40 | ടി |
| Looz Zyp | ടി | 50 | 9229.50 | ടി |
| Citrarka Liquid | ടി | 100 | 6928.30 | ടി |
| Liquid Paraffin | ടി | 50 | 1400 | ടി |
| Metrogyl | ടി | 100 | 2027 | ടി |
| Muprevent | ടി | 25 | 705 | ടി |
| Placentrex Gel | ടി | 25 | 2561.44 | ടി |
| Megaheal Gel | ടി | 50 | 3715 | ടി |
| Gauze Bandage | 6728/27.03.21 | 28 | 2398.42 | 20070552002501415629/29.3.21 |
| Syringe 2ml | ടി | 2 | 4.26 | ടി |
| | | ആകെ | 170958.21 | |

കൂടാതെ, തൻവർഷം(2020-21വർഷം) ബ്ലോക്ക് ഷെയർ ഉപയോഗിച്ച് (ചെക്ക് നം.0436123/22.02.2020) സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ)പ്രോജക്ടിൽ ആയുർവ്വേദ മരുന്നുകൾ വാങ്ങിയതിൽ ഔഷധിയിൽ നിന്നുള്ള പ്രോഫോർമ ഇൻവോയിസ് നം.124772/12.03.2021 പ്രകാരം 2075 രൂപയുടെള്ള 25 Strip ധന്വന്തരം ഗുളിക, 2415 രൂപയുടെള്ള 15 Strip കൈശോരഗുൽഗുലു ഗുളിക എന്നിവ ലഭിക്കുവാനുള്ളതായി കാണുന്നു. (ആകെ 4490/-രൂപയുടെള്ള ആയുർവ്വേദ മരുന്നുകൾ)

ആകെ (170958.21+4490)175448.21/-രൂപയുടെള്ള മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാനുണ്ട്. ഇവ യഥാസമയം ലഭ്യമാകുന്നത് ഉറപ്പാക്കുന്ന വിധത്തിൽ വ്യക്തമായ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അത്യാവശ്യമാണ്. 175448.21/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു, മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-27 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ-ഉപകരണങ്ങൾ ലഭ്യമായിട്ടില്ല, പ്രോജക്ട് വിശദാംശങ്ങളില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

കൃഷി ഭവനിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങലിനായി മുൻവർഷം (2019-20) 22771/- രൂപയും (ബിൽ റഫ.നം.19070552002301299649/17.2.20) 2020-21 വർഷം 80938/-രൂപയും (ബിൽ റഫ.നം.20070552002300056154/11.4.20) ഉൾപ്പടെ (തൻവർഷ പ്രോജ. നം. 41/21) ആകെ 103709/-രൂപ കേരള സ്റ്റേറ്റ് ഐ.ടി.മിഷനിലേക്ക് നല്കിയിട്ടുണ്ട്. പ്രോജക്ടിൽ ഉദ്ദേശിച്ച കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഏതെല്ലാം, എത്രവീതം എന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമായിക്കാണുന്നില്ല. തൻവർഷ ചെലവ് തുക 80938/-രൂപ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.31/28.10.21)

## 1-28 സ്ട്രീറ്റ്മെയിൻ വലിക്കൽ പ്രോജക്ട്- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. : S0039/21

പ്രോജക്ടിന്റെ പേര് : വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ :വികസന ഫണ്ട്- 145000/-

ചെലവ് : 145000/- (ബിൽ നം.31/20-21 തീയതി.29.03.2021)

തലവടി ഗ്രാമ പഞ്ചായത്തിലെ 5, 9, 10, 11 എന്നീ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനായി 145000/- രൂപ കെ.എസ്.ഇ.ബി. എടത്വ സെക്ഷൻ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. യുമായി ഗ്രാമ പഞ്ചായത്ത് കരാർ വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. കൂടാതെ പ്രോജക്ട് പൂർത്തീകരിച്ച് പൂർത്തീകരണ രേഖകൾ പഞ്ചായത്തിന് കൈമാറിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.11/12.10.2021) മറുപടിയിൽ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 145000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ആശ്രയ ഭവന നിർമ്മാണം -നാളിതുവരെ ആരംഭിച്ചില്ല

(എ) പ്രോജക്ട് നം. S0002/21

അടങ്കൽ -400000 (വികസന ഫണ്ട് - എസ്.സി.പി)

ചെലവ് -400000(ബിൽ നം.06/20-11-2020)

(ബി) പ്രോജക്ട് നം. S0003/21

അടങ്കൽ -400000(വികസന ഫണ്ട് - പൊതു വിഭാഗം)

ചെലവ് -400000(ബിൽ നം. 08/23.01.2021)

ആശ്രയ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം 2020-21 ൽ 800000/- രൂപ സി.ഡി.എസ്.ന് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ജനറൽ വിഭാഗത്തിലെ ശ്രീമതി.പൊന്നമ്മ, കൊല്ലശ്ശേരിൽ എന്ന ഗുണഭോക്താവിന് വീട് പണിക്ക് NOC നൽകുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും വെള്ളപ്പൊക്കം ആയതിനാൽ നിർമ്മാണം

ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നും എസ്.സി. വിഭാഗത്തിൽപെട്ട ശ്രീമതി. ഇന്ദിര, പള്ളിപ്പറമ്പിൽ എന്നയാളെ കുടുംബശ്രീ സി.ഡി.എസ്. സെലക്ട് ചെയ്തിട്ടുണ്ടെന്നും രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് എഗ്രിമെന്റ് വച്ച് തുക നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.22/27.10.2021) മറുപടി ലഭ്യമാക്കി. ഗുണഭോക്താവിനെ കണ്ടെത്താതെയും ശരിയായ ആസൂത്രണമില്ലാതെയുമാണ് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതെന്നും പ്രസ്തുത മറുപടിയിൽനിന്നും വ്യക്തമാകുന്നു. തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-30 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - വിതരണം പൂർണ്ണമല്ല

പ്രോജക്ട് നം. - S0050/21-എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -600000 (വികസന ഫണ്ട് -എസ്.സി.പി)

ചെലവ് - 281650/-(ബിൽനം. 15/12.03.2021)

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പ്രോജക്ടിൽ 10 ലാപ് ടോപ്പുകൾ കേരളാ സ്റ്റേറ്റ് ഐടി മിഷനിൽ നിന്ന് 281650/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.PYS121008475 തീയതി.08.06.2021). എന്നാൽ അവയിൽ 8 എണ്ണം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ എന്ന് പ്രോജക്ട് ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ലാപ്ടോപ്പുകൾ പൂർണ്ണമായി വിതരണം നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/26.10.2021) അർഹരായ ഗുണഭോക്താക്കളില്ലാത്തതിനാലാണ് ലാപ് ടോപ്പ് വിതരണം നടത്താതിരുന്നത് എന്നും ബാക്കിയായ 2 ലാപ് ടോപ്പുകൾ 2021-22 ലെ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട് വരുന്ന ആദ്യത്തെ രണ്ട് പേർക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതായും മറുപടി നൽകി.(തീരുമാനം.നം. 10/(4) തീയതി.15.07.2021)

ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെ വാങ്ങലുകൾ നടത്തിയതുമൂലമാണ് ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കാനിടയായത്. പരിമിതമായ വാറണ്ടി കാലയളവുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ലാപ് ടോപ്പ് അടിയന്തിരമായി അർഹതപ്പെട്ടവർക്ക് വിതരണം നടത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 2 ലാപ് ടോപ്പിന്റെ വില 56330/-രൂപ (28165x2) തടസ്സപ്പെടുത്തുന്നു.

## 1-31 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം – S00265/21 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ-100000/-(മെയിന്റനൻസ് ഫണ്ട്)

ചെലവ് -100000/- ബിൽ നം -1/2020-21 തീയതി 17.3.21

അടങ്കൽ-97030/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

ചെലവ് -97030/- ബിൽ നം -2/2020-21 തീയതി 17.3.21

അടങ്കൽ-2970/-(തനത് ഫണ്ട്)

ചെലവ് -2970/- ചെക്ക് നം -337369തീയതി 27.3.21

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഈ പ്രോജക്ടിലുൾപ്പെടുത്തി പ്രോഫോമ ഇൻവോയിസ് PF 1298 തീയതി. 04.02.21പ്രകാരം 2ലക്ഷം രൂപ ഹോംകോയിലേക്ക് നൽകിയിട്ടുണ്ട്. LF 1400/30.9.2021 പ്രകാരം 160000/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 40000/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം

ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/20-21 തീയതി.28.10.21)മറുപടി ലഭ്യമായില്ല. ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തിയായില്ല.

പ്രോജക്ട് നം. - S0144/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(SO)

വികസന ഫണ്ട് -എസ്.സി.പി - 500600

-പൊതു വിഭാഗം-24400

ആകെ അടങ്കൽ - 525000

ചെലവ്- 1) ബിൽ നം.02/26-08-2020തുക-75000

(2) ബിൽ നം.03/19-10-2020 തുക- 75000

(3) ബിൽ നം.04/22-10-2020 തുക-75000

(4) ബിൽ നം05/ 20-11-2020 തുക-7500

(5) ബിൽ നം.09/ 16-02-2021 തുക-75000

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ മായ മുരളി എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനായി 2019-20, 2020-21 വർഷങ്ങളിലായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | 2020-21ൽ നൽകിയ തുക/ ബിൽ നം./ തീയതി | 2019-20ൽ നൽകിയ തുക | ആകെ നൽകിയ തുക |
|---|---|---|---|
| മായ മുരളി | 75000/- 05/ 20-11-2020 | 50000/- | 125000/- |

ഈ ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ടിയാൾ മുറിയുടെ റൂഫ് വരെ പൂർത്തിയാക്കി എന്നും കോവിഡ് സാഹചര്യവും 2019, 2020 വർഷങ്ങളിലെ വെള്ളപ്പൊക്കവും മൂലമാണ് പണി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.14/26.10.2021) മറുപടി ലഭ്യമാക്കി. നിർമ്മാണം പൂർത്തിയാകാത്തതിനാൽ 2020-21 വർഷം നൽകിയ 75000/- രൂപ തടസ്സപ്പെടുത്തുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതിനാൽ അനുവദനീയമായ തുകയ്ക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കേണ്ടതുണ്ട്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-33 ടാർ വീപ്പയുടെ വില ഈടാക്കിയില്ല- - 2655/- രൂപ - തിരികെ അടച്ചു - ഓഡിറ്റ് ഇംപാക്ട്

2020-21 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടാർ ഉപയോഗിച്ച് നടപ്പിലാക്കിയ 11-ാം വാർഡിൽ പതിനെട്ടുകൽ പടി മുതൽ കുറ്ത്തേരി പടി വരെ റോഡ് ടാറിംഗ്(പ്രൊജക്ട് നം.എസ്സ്ഒ 065/21) എന്ന മരാമത്ത് പ്രവർത്തിയുടെ ഫൈനൽ ബില്ല് തയ്യാറാക്കി തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക നൽകി. വിശദവിവരം ചുവടെചേർക്കുന്നു.

MB No.-26/20-21

കരാറുകാരൻ - രമേഷ്.വി.ദേവ്.

ചെലവ് വിവരം - ബിൽ നം. 79/20-21, Dt.30/03/21, 411045/-രൂപ

ഉപയോഗിച്ച ടാറിന്റെ അളവ്/കുറയ്ക്കേണ്ട ബാരലിന്റെ എണ്ണം -

VG-30-854.55kg - 06

RS1 - 111.38kg - 01

SS1 - 344.25kg - 02

ആകെ ബാരലിന്റെ എണ്ണം -09

ഈടാക്കേണ്ട തുക(1 ബാരലിന് 250/- രൂപയും 18% GST യും ഉൾപ്പെടെ) -

295 X 9 = 2655/- രൂപ

ഈടാക്കിയത് = 0

ഇപ്രകാരം തുക കുറവായി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകി. (ഓഡിറ്റ് എൻക്വയറി-09/12-10-2021) അതിന്റെ അടിസ്ഥാനത്തിൽ ടാർ വീപ്പയുടെ വിലയിനത്തിൽ ഈടാക്കാതിരുന്ന 2655/- രൂപ 02-11-2021 ലെ രസീത് നം.121010101394, 121010101395 എന്നിവ പ്രകാരം പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

## 1-34 നിയമാനുസൃത കാലയളവിലും അധികരിച്ച് - ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുന്നു

തലവടി ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിൽ കരാറുകാരന്റെ അപേക്ഷ കൂടാതെ തന്നെ പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും, ഇത്തരം പ്രവർത്തികളിൽ ഫൈൻ ഒന്നും ഈടാക്കാതെയോ, ഭാഗികമായി മാത്രം ഈടാക്കിയോ കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടുള്ളതായും കണ്ടു. കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും,എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ പ്രവർത്തികൾക്ക് 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. ടി സെക്ഷൻ പ്രകാരം, കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം, പ്രവൃത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും, കരാർ തുകയുടെ 0.1% (പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. കരാറുകാരന്റെ അപേക്ഷ പോലുമില്ലാതെ കരാർ പ്രകാരം പൂർത്തീകരണത്തിനനുവദിച്ച കാലയളവിനെക്കാൾ കൂടുതൽ സമയം പൂർത്തീകരണത്തിന് അനുവദിച്ച് നൽകി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

1) 2-ാം വാർഡിൽ ;ചിറത്തറപടി മുതൽ നെടുംകളംപടി

പ്രൊജക്റ്റ് നം - എസ്സ് ഒ074/19

കരാറുകാരൻ - സബികുമാർ

എഗ്രിമെന്റ് നം. 67/AE/LSGD/18-19/23-01-19

ബിൽ നം, തീയതി, തുക - 1) 08/20-21, 22-04-20, 113603/-

PAC- 224444/-

M Book – 14/19-20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 23-05-19

പൂർത്തീകരിച്ച തീയതി- 21-01-20

24-05-19 മുതൽ 21-01-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 242 ദിവസം (34 ആഴ്ച)

ഓരോ ആഴ്ച്ചയ്ക്കും, കരാർ തുകയുടെ 0.1% - 224444/- X 0.1% = 224x34 = 7616/-

ഈടാക്കിയത് - 1137/-

കുറവ് - 6479/-

2) 12-ാം വാർഡിൽ കൊടുകത്തുംപറമ്പ് - നാലാങ്കൽ റോഡ് കലുങ്ക് നിർമ്മാണം

പ്രൊജക്റ്റ് നം - എസ്സ് ഒ82/19

കരാറുകാരൻ - സബികുമാർ

എഗ്രിമെന്റ് നം. 68/AE/LSGD/18-19/23-01-19

ബിൽ നം, തീയതി, തുക - 1) 18/20-21, 12-08-20, 156971/-

PAC- 229365/-

M Book – 06/19-20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 23-05-19

പൂർത്തീകരിച്ച തീയതി- 19-02-20

24-05-19 മുതൽ 19-02-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 271 ദിവസം (38ആഴ്ച)

ഓരോ ആഴ്ച്ചയ്ക്കും, കരാർ തുകയുടെ 0.1% - 229365/- X 0.1% = 229x38 = 8702/-

ഈടാക്കിയത് - 2133/-

കുറവ് - 6569/-

3) 4-ാം വാർഡിൽ അംഗൻവാടി നം.51 -എക്സ്റ്റൻഷൻ-

പ്രൊജക്റ്റ് നം - എസ്സ് ഒ139/19

കരാറുകാരൻ - ബൈജു.ഡി

എഗ്രിമെന്റ് നം. 65/AE/LSGD/18-19/23-01-19

ബിൽ നം, തീയതി, തുക - 1) 11/20-21, 22-04-20, 150635/-

PAC- 399735/-

M Book – 32/18-19

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 23-05-19

പൂർത്തീകരിച്ച തീയതി- 12-03-20

24-05-19 മുതൽ 12-03-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 292 ദിവസം (41 ആഴ്ച)

ഓരോ ആഴ്ചയ്ക്കും, കരാർ തുകയുടെ 0.1% - 399735/- X 0.1% = 399x41 = 16359/-

ഈടാക്കിയത് - 1506/-

കുറവ് - 14853/-

4) 13-ാം വാർഡിൽ വളവുങ്കൽ പടി- IPC പടി റോഡ് ടാറിംഗ്

പ്രൊജക്റ്റ് നം - എസ്സ് ഒ135/19

കരാറുകാരൻ - തോമസ് പ്രസാദ് എബ്രഹാം.

എഗ്രിമെന്റ് നം. 53/AE/LSGD/18-19/23-01-19

ബിൽ നം, തീയതി, തുക - 1) 12/20-21, 22-04-20, 339444/-

PAC- 359547/-

M Book – 22/19-20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 23-05-19

പൂർത്തീകരിച്ച തീയതി- 14-02-20

24-05-19 മുതൽ 14-02-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 266 ദിവസം (38 ആഴ്ച)

ഓരോ ആഴ്ചയ്ക്കും, കരാർ തുകയുടെ 0.1% - 359547/- X 0.1% = 359x38 = 13642/-

ഈടാക്കിയത് - 1506/-

കുറവ് - 12136/-

5) 15-ാം വാർഡിൽ ആമ്പ്രയിൽ മൂല പടി- കൊച്ചമ്മനം പടി റോഡ് റീ-ടാറിംഗ്

പ്രൊജക്റ്റ് നം - എസ്സ് ഒ156/21

കരാറുകാരൻ - ഫ്രാൻസിസ് തോമസ്.

എഗ്രിമെന്റ് നം. 61/AE/LSGD/TLDY/19-20/18-06-20

ബിൽ നം, തീയതി, തുക - 1) 55/20-21, 24-03-21, 312668/-

2) 54/20-21, 24-03-21, 400000/-

PAC- 636310/-

M Book – 05/20 -21

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 18-10-20

പൂർത്തീകരിച്ച തീയതി- 02-12-20

19-10-20 മുതൽ 02-12-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 45 ദിവസം (6 ആഴ്ച)

ഓരോ ആഴ്ചയ്ക്കും, കരാർ തുകയുടെ 0.1% - 636310/- X 0.1% = 636x6 = 3816/-

ഈടാക്കിയത് - 0

കുറവ് - 3816/-

6) 14-ാംവാർഡിൽ ആനപ്രാമ്പാൽ- ക്ഷേത്രപടി മുതൽ- കൊച്ചമ്മനം ഷാപ്പ് പടി വരെ റോഡ് ഉയർത്തി ടാറിംഗ്-

പ്രൊജക്റ്റ് നം - എസ്സ് ഒ155/21

കരാറുകാരൻ - ഫ്രാൻസിസ് തോമസ്.

എഗ്രിമെന്റ് നം. 47/AE/LSGD/TLDY/19-20/16-03-20

ബിൽ നം, തീയതി, തുക - 1) 49/20-21, 18-03-21, 400000/-

2) 50/20-21, 18-03-21, 305063/-

PAC- 635149/-

M Book – 04/20 -21

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 16-07-20

പൂർത്തീകരിച്ച തീയതി- 23-11-20

17-07-20 മുതൽ 23-11-20 വരെ പൂർത്തീകരണത്തിന് എടുത്ത അധികസമയം

- 130 ദിവസം (18ആഴ്ച)

ഓരോ ആഴ്ചയ്ക്കും, കരാർ തുകയുടെ 0.1% - 635149/- X 0.1% = 635x18 = 11430/-

ഈടാക്കിയത് - 0

കുറവ് - 11430/-

ഒട്ടാകെ - 6479 + 6569 + 14853+ 12136 + 3816+11430 = 55283/-

മേൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ പ്രകാരം കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി നീട്ടി നൽകിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഇല്ല. കാലാവധി നീട്ടിനൽകുന്നതിനായി കരാറുകാരൻ അപേക്ഷനൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, കമ്മിറ്റി തീരുമാനം ഇല്ലാതെയും പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിനും, ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/2020-21/ 11-10-2021)

മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-35 എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തത് മൂലം അധിക ചെലവ്-

പ്രവർത്തിയുടെ വിവരങ്ങൾ

13-ാം വാർഡിൽ കുന്തിരിക്കൽ പടി മുതൽ കുട്ടിയിൽ പടി വരെ റോഡ് ടാറിംഗ്-

പ്രൊജക്ട് നം. എസ്സ്.ഒ-154/21.

ആകെ മൂല്യം-692106/-

കരാറുകാരൻ- രമേഷ് വി ദേവ്.

MB.No-06/19-20

ബിൽ നം, തീയതി,തുക- 1) 48/20-21, 17/03/2021. 292106/-

2)47/20-21, 17/03/2021. 400000/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം റോഡ് ടാറിംഗ് ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്.പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 80 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മാണമാക്കി ഭേദഗതി ചെയ്തു. അളവുപുസ്തകം പേജ് 2 ൽ എക്സ്ട്രാ ഇനം 1 ആയി ഫൌണ്ടേഷന് കുഴിയെടുത്തതിലൂടെ 48 എം$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ടി മണ്ണിന്റെ ഉപയോഗം അളവു പുസ്തകത്തിൽ എവിടെയും ചേർത്തിട്ടില്ല. തുടർന്ന് എക്സ്ട്രാ ഇനം 4 ആയി 80 മീറ്റർ നീളത്തിലും 0.60 സെ.മീ.

വീതിയിലും 0.80 സെ.മീ.ഉയരത്തിലും ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് 32 എം$^3$ ന് 970.32/m$^3$ നിരക്കിൽ 31050/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.കുഴിച്ചെടുത്ത മണ്ണിന്റെ 50% പുനരുപയോഗിക്കാമെന്നിരിക്കെ, ആയത് വിനിയോഗിക്കാതെ ഈ പ്രവർത്തിയിൽ തന്നെ മേൽ രേഖപ്പെടുത്തിയ പ്രകാരം ഫില്ലിംഗിന് തുക നൽകിയതു മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കുഴിച്ചെടുത്ത മണ്ണിന്റെ അളവിന്റെ 50% = 48 എം$^3$/2 =24 M$^3$

ഫില്ലിംഗിന് ഉപയോഗിച്ച ഗ്രാവലിന്റെ അളവ് = 32 M$^3$

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറച്ചതിന് ശേഷം അനുവദനീയമായ അളവ്=

32 M$^3$ - 24 M$^3$ = 8 M$^3$

അനുവദനീയമായ തുക = 8 M$^3$ X 970.32/m$^3$ = 7762.56 രൂപ

നൽകിയതു = 31050/- രൂപ

അധികം നൽകിയത് = 31050 – 7763 = 23287 രൂപ

മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുകയോ, ആയതിന്റെ വില ബില്ലിൽ നിന്നും കുറവു ചെയ്യുകയോ ചെയ്യാതെ കരാറുകാർക്ക് മുഴവൻ തുകയും നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/26-10-2021) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചുവെന്നും, ആയത് അളവുപുസ്തകം പേജ് 9 ൽ ചേർത്തിട്ടുണ്ടെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധനാ സമയത്ത് ഇപ്രകാരം രേഖപ്പെടുത്തലുകൾ ഒന്നും തന്നെ അളവുപുസ്തകത്തിൽ രേകപ്പെടുത്തിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ 23287 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-36 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - തലവടി ഗ്രാമപഞ്ചായത്ത് പരിധിയിൽ 23 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 11 എണ്ണം സ്വന്തം കെട്ടിടത്തിലും 12 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. അങ്കണവാടി നമ്പർ 57 അൺഫിറ്റ് ആയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്

കുടിവെള്ളം- എല്ലാ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലെറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഒന്നിനുമില്ല.

വൈദ്യുതി- 23 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ഉണ്ട്

ചുറ്റുമതിൽ- 07 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്- അങ്കണവാടികൾ പ്രവർത്തിയ്ക്കുന്ന കെട്ടിടം നിലവിൽ സുരക്ഷിതമാണോ എന്ന് പരിശോധിച്ച് നൽകുന്ന ഫിറ്റ്നെസ് സർട്ടിഫിക്കറ്റിൽ (2020-21) ഒരെണ്ണത്തിന് അൺഫിറ്റ് സർട്ടിഫിക്കറ്റാണ് ലഭിച്ചിട്ടുള്ളത്. അങ്കണവാടി നം.57 പ്രവർത്തിക്കുന്ന കെട്ടിടമാണ് അൺഫിറ്റ് ആയിട്ടുള്ളത്. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടികളുടെ പ്രവർത്തനം നടത്തുവാൻ അനുമതി നല്കിയ നടപടി ഗുരുതര വീഴ്ച ആണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവ സുരക്ഷിത കെട്ടിടങ്ങളാണെന്നുറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അങ്കണവാടികളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമെങ്കിലും 12 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോൽസവം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർകുലർ നം.3105/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമക്കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 മരാമത്ത് പ്രവർത്തികളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെയുള്ള പ്രവർത്തികൾ-മത്സര സ്വഭാവം നഷ്ടമാകുന്നു-

തലവടി ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പണികളിൽ ഭൂരിഭാഗവും അഞ്ച് ലക്ഷത്തിൽ താഴെയുള്ള മരാമത്ത് പ്രവർത്തികളായതിനാൽ മാനവൽ ടെണ്ടർ/ക്വട്ടേഷൻ വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. അവയിൽ തന്നെ ചെറിയ വ്യത്യാസത്തിലുള്ള രണ്ട് ക്വട്ടേഷൻ/മാനവൽ ടെണ്ടർ മാത്രം ലഭിക്കുകയും, കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവർത്തി നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന രീതിയാണ് തുടരുന്നത്.ഇപ്രകാരം മരാമത്ത് പ്രവർത്തികൾ അഞ്ച് ലക്ഷത്തിൽ താഴെയുള്ള തുകയിൽ ലിമിറ്റ് ചെയ്ത് നിർവ്വഹിക്കപ്പെടുന്നത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യതകൾ നഷ്ടമാകുകയും, തദ്ദേശസ്ഥാപനത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു. ഇപ്രകാരം നിർവ്വഹിക്കപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ലഭിച്ച മാനവൽ ടെണ്ടറുകളുടെ എണ്ണം. | കരാറുകാരുടെ വിവരം. | ക്വോട്ട് ചെയ്ത തുക/ നിരക്ക്. |
|---|---|---|---|
| 3-ാം വാർഡിൽ ഏഴട്ടം പാടശേഖരത്തിന് സംരക്ഷണഭിത്തി. | 2 | 1. തോമസ് എബ്രഹാം.<br>2.രമേഷ് വി ദേവ്. | 0.01% കുറവ്<br>എസ്റ്റിമേറ്റ് നിരക്ക് |
| 9-ാം വാർഡിൽ PWD റോഡ് - പാക്കള്ളി പറമ്പ് റോഡ് പിച്ചിംഗ് (പ്രൊ.നം.61/19) | 2 | 1.സന്തോഷ്. പി.എസ്സ്.<br>2.സുഭാഷ് മോഹൻ | എസ്റ്റിമേറ്റ് നിരക്ക്<br>1% കൂടുതൽ |
| 13-ാം വാർഡിൽ ചക്കനാട്ട് പടി - കുര്യക്കൽ പടി കോൺക്രീറ്റിംഗ്. (പ്രൊ.നം.196/20) | 2 | 1.ധനഞ്ജയൻ.വി.പി.<br>2.തോമസ് പ്രസാദ് എബ്രഹാം. | 0.01% കുറവ്<br>എസ്റ്റിമേറ്റ് നിരക്ക്. |
| 14-ാം വാർഡിൽ 24-ാം നമ്പർ എസ്സ്.എൻ.ഡി.പി 45 ൽ പടി റോഡ് ഉയർത്തി ഇന്റർലോക്കിംഗ്(പ്രൊ.നം.198/19) | 2 | 1.ഫ്രാൻസിസ് തോമസ്.<br>2.സാജൻ ഫ്രാൻസിസ്. | 0.01% കുറവ്<br>എസ്റ്റിമേറ്റ് നിരക്ക്. |

പഞ്ചായത്തിൽ നിർവ്വഹിച്ചിട്ടുള്ള ഭൂരിഭാഗം പ്രവർത്തികളിലുംഈ രീതിയിലുള്ള ടെണ്ടറുകൾ ആണ് സമർപ്പിക്കപ്പെടുന്നത്. മരാമത്ത് പ്രവർത്തികൾ ഈ രീതിയിൽ നിർവ്വഹിക്കപ്പെടുമ്പോൾ ആയത് കരാറുകാരന് കൂടുതൽ ആനുകൂല്യം ലഭ്യമാകുന്നതിന് കാരണമാകുന്നു. സ്ഥാപനത്തിന് വലിയ തോതിൽ നഷ്ടം ഉണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി-7/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

മത്സരാധിഷ്ഠിത ടെണ്ടർ/ക്വട്ടേഷൻ ലഭ്യമാകുന്ന രീതിയിൽ വ്യാപകമായ പരസ്യം നൽകി മാത്രം മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം ഈ ടെണ്ടർ മുഖേന പ്രവർത്തികൾ സ്വീകരിക്കുകയോ ചെയ്താൽ ഈ രീതിയിൽ ഉണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കാവുന്നതാണ്. ഭരണ സമിതിയുടെയും, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-38 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. എന്നാൽ തൻവർഷം

നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികളുടെ ഫയലിൽ അപ്രകാരം മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.
3. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പം തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.
4. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.
5. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.
6. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. എഗ്രിമെന്റ് രജിസ്റ്ററിൽ പല പ്രവർത്തികളുടെയും PAC, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല.
8. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
9. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചല്ല റോഡ് നിർമ്മാണ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/2020-21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽരേഖപ്പെടുത്തിയ അപാകതകൾ ഒഴിവാക്കി മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-39 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - Secure സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനുള്ള നിരക്ക് PRICE സോഫ്റ്റ്‌വെയറിനെക്കാൾ വളരെ ഉയർന്ന നിരക്ക് - അധിക ചെലവിന് കാരണമാകുന്നു

PRICE സോഫ്റ്റ്‌വെയർ പ്രകാരം 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 916 ആണ് അനുവദിക്കാവുന്ന നിരക്ക് (ഒബ്സർവ്ഡ് ഡേറ്റ) എന്നിരിക്കെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ ന് 1303.15/- നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്.

വിശദാംശം ചുവടെ ചേർക്കുന്നു

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ | 1303.15/$m^2$ നിരക്കിൽ അനുവദിച്ച തുക | 916/$m^2$ നിരക്കിൽ അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| 6ാം വാർഡിൽ വാലയിൽ പടിമുതൽ പാലത്തിൽ | 2/2020-21 | 777.6225 | 1013358 | 712302 | 301056 |

| | | | | | | |
|---|---|---|---|---|---|---|
| | പടിവരെ റോഡ് ഇന്റർലോക്കിംഗ് (പാർട്ട് -1) | | | | | |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സെക്യൂർ എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചത്. മേൽ സൂചിപ്പിച്ച കണക്കുകളിൽ നിന്നും സെക്യൂർ സോഫ്റ്റ്വെയർ പ്രകാരം ഉയർന്ന നിരക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സാമൂഹ്യ സുരക്ഷ പെൻഷനുകൾ- അനർഹമായ കാലയളവിലേക്കും അനുവദിച്ചു

സാമൂഹ്യ സുരക്ഷ പെൻഷനുകൾ പെൻഷനറുടെ മരണത്തോടെ സസ്പെന്റ് ചെയ്യപ്പെടാതെ ആക്ടീവായി തുടരുന്നതായി കാണുന്നു. ബാങ്ക് മുഖാന്തിരം പെൻഷൻ ലഭിച്ചുപോരുന്ന പെൻഷനറുടെ അക്കൌണ്ടിലേക്ക് ഇതിനാൽ തന്നെ മരണശേഷവും തുക ക്രഡിറ്റാകുകയും അത് പിൻവലിക്കപ്പെടുകയും ചെയ്യും. സഹകരണബാങ്കുകൾ മുഖേന പെൻഷൻ ലഭിക്കുന്ന പെൻഷനേഴ്സിന് മരണാനന്തരം/മറ്റേതെങ്കിലും കാരണത്താൽ പെൻഷൻ അർഹത ഇല്ലാതാകുമ്പോൾ തുക കൈമാറാതെ തിരിച്ച് പോകുന്നുണ്ടെങ്കിലും അതിന്റെ വിശദാംശം വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തയ്യാറാക്കപ്പെടുന്നില്ല എന്നതിനാൽ ഇപ്രകാരം തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്നത്, നിരീക്ഷിക്കാനാകുന്നില്ല.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലെ വിവരങ്ങളും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്കായി അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായും, ഇതര ബാങ്കുകൾ മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് തുക ലഭിച്ചതായും കാണുന്നുണ്ട്. സഹകരണ ബാങ്കുകളിലേക്ക് കൈമാറുന്ന പെൻഷൻ തുക വീടുകളിൽ നേരിട്ട് എത്തിക്കാനാകാതെ വരുന്ന ചില സാഹചര്യങ്ങളിലും പെൻഷനർ മരണപ്പെട്ട സാഹചര്യങ്ങളിലും ആയത് രേഖപ്പെടുത്തൽ വരുത്തി തുക കൈമാറാതെ വരുന്നുവെങ്കിലും ആയത് സഹകരണ ബാങ്കുകളിൽ നിന്ന് തിരിച്ചടയ്ക്കുന്നത് നിരീക്ഷിക്കപ്പെടുന്നില്ല. കൂടാതെ, ഇപ്രകാരം പെൻഷനർ മരണപ്പെട്ടതായി സഹകരണബാങ്കിന്റെ രേഖപ്പെടുത്തൽ ഉള്ളപ്പോഴും പെൻഷൻ നിർത്തലാക്കാതെ തുടർ മാസങ്ങളിൽ വീണ്ടും വിതരണത്തിനായി തുക അലോട്ട്ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -

എ)സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| വർഗീസ് അബ്രഹാം | 104520201534 | 15.12.19 | 12/19-9/21 | 31000 |
| ദേവസ്യ ചെറിയാൻ | 104520200982 | 22.12.19 | 12/19-9/21 | 29600 |
| കെ.പുരുഷോത്തമൻ നായർ | 104520200022 | 25.12.19 | 12/19-9/21 | 33600 |
| അന്നമ്മ ഫിലിപ്പ് | 104520200494 | 13.1.21 | 1/21-9/21 | 14100 |
| ജാനകി വേലായുധൻ | 104520200058 | 4.4.20 | 4/20-9/21 | 27600 |
| അന്നമ്മ യോഹന്നാൻ | 104520200467 | 25.2.21 | 2/21-9/21 | 12600 |

| | | | | |
|---|---|---|---|---|
| വി.കെ.കരുണാകരൻ | 104520201126 | 13.11.20 | 11/20-9/21 | 6600 |
| വർഗീസ് ചാക്കോ | 104520200010 | 28.10.20 | 10/20-9/21 | 18600 |
| | | | | 173700 |

ബി)ബാങ്ക് മുഖേന വ്യക്തിഗത അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ടത്-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| അയ്യപ്പൻ രമണൻ | 104520201479 | 21.11.20 | 11/20-9/21 | 16900 |
| ഗംഗാധരൻ | 104520201117 | 3.6.20 | 6/20-9/21 | 9600 |
| | | | ആകെഃ | 26500 |

2)കർഷക തൊഴിലാളി പെൻഷൻ-സൊസൈറ്റികളിലേക്ക് കൈമാറിയവ-

| ഗുണഭോക്താവിന്റെ പേര് | പെൻഷൻഐ.ഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|
| ശാന്ത | 104520101412 | 24.12.19 | 12/19-9/21 | 31000 |
| വെളുമ്പി മാധവി | 104520200112 | 21.12.19 | 12/19-9/21 | 15500 |
| കൊച്ചുപെണ്ണ് കുഞ്ഞച്ചൻ | 104520100198 | 30.3.20 | 3/20-9/21 | 27300 |
| ചിന്നമ്മ വർഗീസ് | 104520100817 | 27.11.20 | 11/20-9/21 | 16900 |
| | | | ആകെ | 90700 |

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ തലവടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് സി 5-3402/21, തീയതി.24.9.21 പ്രകാരം തലവടി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയതായി കാണുന്നുണ്ട്. ഇതിൻ പ്രകാരം വിവിധ പെൻഷനുകൾ നിലവിൽ നല്കി വരുന്നവരിൽ മരിച്ചുപോയവരുടെ വിവരത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നുഃ

| വാർഡ് | മരിച്ചുപോയ പെൻഷനേഴ്സിന്റെ എണ്ണം |
|---|---|
| 1 | 17 |
| 2 | 6 |
| 3 | 16 |
| 4 | 5 |
| 5 | 5 |
| 6 | 6 |
| 7 | 5 |
| 8 | 13 |
| 9 | 17 |
| 10 | 13 |
| 11 | 8 |
| 12 | 9 |
| 13 | 11 |
| 14 | 17 |
| 15 | 11 |
| ആകെഃ | 159 |

ഇതിന് പുറമേ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്നവരിൽ മരിച്ചുപോയവരും അർഹത നഷ്ടപ്പെട്ടവരുമായ വ്യക്തികളെയും ഒഴിവാക്കേണ്ടതുണ്ട്. മുകളിൽ പരാമർശിച്ച പ്രകാരം അനർഹമായി നടത്തപ്പെട്ട പെൻഷൻ വിതരണ ചെലവ്(173700+26500+90700) അനുവദനീയമല്ല. ആകെ തുക 290900/- സർക്കാരിലേക്ക് തിരികെ ഒടുക്കുവരുത്തേണ്ടതാണ്. മുൻവർഷത്തേക്ക് ഉദ്ദേശിച്ച് തൻവർഷം വന്നിട്ടുള്ള ചെലവുകളും ഇതിൽ ഉൾപ്പെടുന്നു. തുക സർക്കാരിലേക്ക് ഒടുക്ക് വരുത്താത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

### 3-2 എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തത് മൂലം അധിക ചെലവ്

പ്രവർത്തിയുടെ വിവരങ്ങൾ

13-ാം വാർഡിൽ കുന്തിരിക്കൽ പടി മുതൽ കുട്ടിയിൽ പടി വരെ റോഡ് ടാറിംഗ്-

പ്രൊജക്റ്റ് നം. എസ്സ്.ഒ-154/21.

ആകെ മൂല്യം-692106/-

കരാറുകാരൻ- രമേഷ് വി ദേവ്.

MB.No-06/19-20

ബിൽ നം, തീയതി, തുക- 1) 48/20-21, 17/03/2021. 292106/-

2)47/20-21, 17/03/2021. 400000/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രവർത്തിയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം റോഡ് ടാറിംഗ് ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 80 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മാണമാക്കി ഭേദഗതി ചെയ്തു. അളവുപുസ്തകം പേജ് 2 ൽ എക്സ്ട്രാ ഇനം 1 ആയി ഫൌണ്ടേഷന് കുഴിയെടുത്തതിലൂടെ 48 എം$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ടി മണ്ണിന്റെ ഉപയോഗം അളവു പുസ്തകത്തിൽ എവിടെയും ചേർത്തിട്ടില്ല. തുടർന്ന് എക്സ്ട്രാ ഇനം 4 ആയി 80 മീറ്റർ നീളത്തിലും 0.60 സെ.മീ. വീതിയിലും 0.80 സെ.മീ. ഉയരത്തിലും ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് 32 എം$^3$ ന് 970.32/m$^3$ നിരക്കിൽ 31050/- രൂപ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ 50% പുനരുപയോഗിക്കാമെന്നിരിക്കെ, ആയത് വിനിയോഗിക്കാതെ ഈ പ്രവർത്തിയിൽ തന്നെ മേൽ രേഖപ്പെടുത്തിയ പ്രകാരം ഫില്ലിംഗിന് തുക നൽകിയതു മൂലം അധിക ചെലവുണ്ടായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

കുഴിച്ചെടുത്ത മണ്ണിന്റെ അളവിന്റെ 50% = 48 എം$^3$/2 =24 M$^3$

ഫില്ലിംഗിന് ഉപയോഗിച്ച ഗ്രാവലിന്റെ അളവ് = 32 M$^3$

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറച്ചതിന് ശേഷം അനുവദനീയമായ അളവ്=

32 M$^3$ - 24 M$^3$ = 8m$^3$

അനുവദനീയമായ തുക = 8m$^3$ X 970.32/m$^3$ = 7762.56 രൂപ

നൽകിയതു = 31050/- രൂപ

അധികം നൽകിയത് = 31050 – 7763 = 23287 രൂപ

മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുകയോ, ആയതിന്റെ വില ബില്ലിൽ നിന്നും കുറവു ചെയ്യുകയോ ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/26-10-2021) ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചടുത്ത മണ്ണ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചുവെന്നും, ആയത് അളവുപുസ്തകം പേജ് 9 ൽ ചേർത്തിട്ടുണ്ടെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധനാ സമയത്ത് ഇപ്രകാരം രേഖപ്പെടുത്തലുകൾ ഒന്നും തന്നെ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ 23287/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്* | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1733263 (മുന്നിരിപ്പ് 892239/- | - | 1421024 | 312239 |

| | | | | | |
|---|---|---|---|---|---|
| | | + തൻവർഷം 841024) | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3077486 (മുന്നിരിപ്പ് 2096326/- + തൻവർഷം 981160) | - | 1972816 | 1104670 |

*പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർക്കുന്നത്. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റുമായി ടി തുകകൾ പൊരുത്തപ്പെട്ടിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം.31/20-21 Dt.,29-03-21 | 145000 | 0 | 145000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭിച്ചിട്ടില്ല | 12138167 | 11138167 | 1229333 | | 9908834 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58068723 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66659320 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 369470 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 572716 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 290900 | ബേബി സരോജം.ഡി, സെക്രട്ടറി |
| 1-34 | 55283 | ശ്രീലക്ഷ്മി.എം.ജി,അസി.എഞ്ചിനീയർ-40037/-<br>ദിലീഷ്.എൻ.ഡി, അസി.എഞ്ചിനീയർ -15246/- |
| 3-3 | 23287 | ദിലീഷ്.എൻ.ഡി, അസി.എഞ്ചിനീയർ |
| ആകെ | 369470 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 175448 | ഡോ.ടോണി തോമസ് മാത്യു,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-27 | 80938 | നിവേദിത.എം.എസ്, കൃഷി ഓഫീസർ |
| 1-28 | 145000 | ബേബി സരോജം.ഡി, സെക്രട്ടറി |
| 1-30 | 56330 | രാജി.എസ്.നായർ, അസി.സെക്രട്ടറി |
| 1-31 | 40000 | ഡോ.ഷെയ്ല.എസ്.എസ്,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-32 | 75000 | രാജി.എസ്.നായർ, അസി.സെക്രട്ടറി |
| ആകെ | 572716 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബേബി സരോജം.ഡി | സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത് | മോഹനം, പാളയംകുന്ന് പി.ഒ, വർക്കല |
| ശ്രീലക്ഷ്മി.എം.ജി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, Lid&EW സബ്ഡിവിഷൻ, അഞ്ചൽ, കൊല്ലം | ഓണംപള്ളിൽ തെക്കേതിൽ, മടന്തകോട്, നെല്ലിമുക്ക് പി.ഒ, പിൻ-691509 |
| ദിലീഷ്.എൻ.ഡി | അസി.എഞ്ചിനീയർ, Lid&EW സബ്ഡിവിഷൻ ചമ്പക്കുളം | നടുവിലത്തറ, കുമ്പളങ്ങി സൌത്ത് പി.ഒ, കൊച്ചിൻ7 |
| രാജി.എസ്.നായർ അസി.സെക്രട്ടറി | അസി.സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത് | ശങ്കരമംഗലം, നെടുമ്പ്രം പി.ഒ, തിരുവല്ല |
| ഡോ.ഷെയ്ല.എസ്.എസ് | മെഡി.ഓഫീസർ(ഹോമിയോ) | നദി, ഇടഗ്രാമം, കരമന പി.ഒ, തിരുവനന്തപുരം |
| നിവേദിത.എം.എസ് | കൃഷി ഓഫീസർ | വെടിവേൽ, പഴയതിരുമല, ആലപ്പുഴ |
| ഡോ. ടോണി തോമസ് മാത്യു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ചരുവിൽ, പൂന്തോപ്പ് വാർഡ്, അവലൂക്കുന്ന പി ഓ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 96-97, 97-98 | എൽ.എഫ്.ജി.എ5/1832/11/31.1.12 |
| 2000-01 | എൽ.എഫ്.ജി.എ5/1832/11/28.1.12 |
| 03-04 | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2005-06 മുതൽ 2010-2011 വരെ | എൽ.എഫ്.ജി.എ5/1832/11/25.1.12 |
| 2011-12, 12-13 | എൽ.എഫ്.എ.പി 1/755/2014/30.7.14/4.10.14 |
| 2013-2014 | കെ.എസ്.എ/എ.എൽ.പി/പി 1/214/16 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.11/827/16/29.7.16 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി.11/1333/16/26.11.16 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.11/1127/17/11.09.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി.11/251/2019/1.06.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി11-300/2020/09.06.2020 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി11-1055/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്